# വേർപാട്

007

**അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി**
**നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം**

## ഇന്ത്യയിലെ ആദ്യത്തെ ബ്രദറൺ രക്തസാക്ഷി

## ബ്ര. യു.എം. ദൊരെയ് രാജ്



ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്

## വാർത്താ പത്രിക



# എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**ഓണർ & മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി

**മീഡിയ കൺസൾട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്



**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി


**വാർത്തകളും കത്തുകളും അയക്കേണ്ട വിലാസം**


**Saneesh Cherian,** Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : brethrenassemblynews@gmail.com
Website : www.brethrenassemblynews.com


# താങ്കൾക്കും പങ്കാളിയാകാം




വേർപാടു സഭകളുടെ നന്മയും ആത്മീകാഭിവൃദ്ധിയും മാത്രം ലക്ഷ്യമാക്കി വിശ്വാസത്താൽ നടത്തപ്പെടുന്ന ഒരു ആത്മീക ശുശ്രൂഷയാണ് വേർപാട് വാർത്താ പത്രിക. ഈ പ്രസിദ്ധീകരണം സൗജന്യമായാണ് ദൈവജനത്തിനു ലഭിക്കുന്നത്. ഒരു വർഷം ഈ പ്രസിദ്ധീകരണം താങ്കൾക്കു അയച്ചു തരുന്നതിന് 100 രൂപ ചെലവുണ്ട്. ഈ പ്രസിദ്ധീകരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്വമേധാ ദാനങ്ങൾ അയച്ചു തന്നാൽ രസീത് അയച്ചു തരുന്നതും വർഷാവസാനം റിപ്പോർട്ടു നൽകുന്നതുമാണ്. സംഭാവനകൾ അയക്കുന്നവർ സനീഷ് ചെറിയാൻ എന്ന പേരിൽ അയച്ചാലും. വേർപാടു വാർത്താപത്രിക താങ്കൾക്കു ഇഷ്ടപ്പെട്ടു എന്നു ഞങ്ങൾ കരുതുന്നു. തുടർന്നും ലഭിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഞങ്ങൾക്കെഴുതുക.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും
വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ
പ്രസിദ്ധീകരണം

**Volume VII Dec. 2011**

E-mail : brethrenassemblynews@gmail.com
Website : www.brethrenassemblynews.com



**സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ**



പേജ് 2
**മിസസ് ബേബി കുര്യാക്കോസ്**

പേജ് 3



**ഇന്ത്യയിലെ ആദ്യത്തെ ബ്രദറൺ രക്തസാക്ഷി**

**സുവിശേഷകനെ പരിചയപ്പെടുക** പേജ് 5

പേജ് 7 **വേർപാട് ന്യൂസ്**

**കുന്നംകുളത്തെ സുവിശേഷ വിപ്ലവം** പേജ് 11
**ഇ.പി. വറുഗീസ്**

പേജ് 13
ഡോ. ജോൺസൺ സി. ഫിലിപ്പ്
**പ്രാണിക് ഹീലിങ്ങ്**


*എഡിറ്റോറിയൽ*

# പൊളിയ്ക്കുകയോ പണിയുകയോ?

മനുഷ്യൻ സാമൂഹിക ജീവിയാകയാൽ മാനുഷിക ബന്ധങ്ങൾ ദൃഢമായി പണിയപ്പെടേണ്ടവയാണ്. കുടുംബ ബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും നിലനിൽക്കണമെങ്കിൽ ശ്രദ്ധയോടെ അവ പണിയപ്പെടണം.

കുടുംബജീവിതത്തിലും മറ്റും ചില പൊരുത്തക്കേടുകൾ ഉണ്ടാകാറുണ്ടെങ്കിലും സാമാന്യ ബോധമുള്ള ആരും അതു പുറത്തു പറയാറില്ല. പറഞ്ഞുപോയാൽ ആ കുടുംബം കുളം തോണ്ടുക തന്നെ ചെയ്യും. കുടുംബപ്രശ്നങ്ങൾ ഒരളവു വരെയും ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹാധിഷ്ഠിത വിട്ടു വീഴ്ചകളാൽ പരിഹരിക്കപ്പെടുന്നു.

ദൈവിക ഭവനമാകുന്ന ക്രിസ്തീയ സഭയിലും ചില പൊരുത്തക്കേടുകൾ വ്യക്തിബന്ധങ്ങളിൽ ഉണ്ടാകുന്നതും സ്വഭാവികമാണ്. എന്നാൽ അത്തരം പൊരുത്തക്കേടുകളെ കൈകാര്യം ചെയ്യുന്നതിൽ ദൈവമക്കൾ പരാജയപ്പെടുമ്പോഴാണ് സഭകൾ ഭിന്നതയാൽ വേർപെടുന്നത്. കൂടാതെ പരസ്പരമുള്ള വിരോധങ്ങൾ പ്രചരിപ്പിക്കുന്നതു സ്ഥിതി കൂടുതൽ വഷളാക്കുന്നു. ഇതിലൂടെ നമ്മുടെ തലമുറകൾക്കു ലഭിക്കുന്ന സന്ദേശം ബ്രദറൺ സമൂഹത്തിന്റെ ഭാവിയെത്തന്നെ ദോഷമായി ബാധിക്കുന്നുവെന്ന കാര്യം പലരും ചിന്തിക്കാറില്ല. നമ്മുടെ കുഞ്ഞുങ്ങൾ പലരും ബ്രദറൺ സമൂഹത്തോടകന്നു പോകുന്നതിനു കാരണം ഈ തെറ്റായ ആശയ കൈമാറ്റ രീതിയാണ്. ബ്രദറൺ സമൂഹത്തിന്റെ നന്മയെക്കാളുപരി തിന്മയെയാണ് അവർ കാണുന്നത്.

സഹവിശ്വാസികളെയും ശുശ്രൂഷകരെയും കുറിച്ച് മക്കളുടെ മുമ്പിൽ വെച്ച് അപവാദം പറയുമ്പോൾ അവരുടെ ആത്മീക ജീവിതത്തെ നാം തകർക്കുകയാണെന്നോർക്കേണ്ടതു ആവശ്യമാണ്. ചക്കിനു വെച്ചതു കൊക്കിനു കൊണ്ടു എന്ന ചൊല്ലു പോലെ നാം മനഃപൂർവ്വമായി നമ്മുടെ മക്കളെ വേർപാടു ആത്മീക ദർശനങ്ങളിൽ നിന്നും അകറ്റിക്കളയുകയാണ്.

കുറവുകൾ കാണുമ്പോൾ, കേൾക്കുമ്പോൾ സഹോദരനെ ഇല്ലായ്മ ചെയ്യണം എന്ന ചിന്തയോടെ പ്രവർത്തിക്കുന്നതിനു പകരം യഥാസ്ഥാനപ്പെടുത്തുവാൻ നാം ബാധ്യസ്ഥരാണ്. കേൾക്കുന്നതു സത്യമോ എന്നു പരിശോധിച്ച്, കുറവു ബോദ്ധ്യപ്പെട്ടാൽ എസ്രായേയും നെഹമ്യാവെയും പോലെ പ്രാർത്ഥനാപൂർവ്വം പുതുക്കി പണിയുവാൻ നാം തയ്യാറാകണം.

പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നവർ ദൈവജനത്തിനു കുറവുകൾ നികത്തി മുന്നേറാൻ സഹായിക്കുന്ന പ്രബോധകരായിരിക്കും. ബ്രദറൺ സഭകളിൽ പല കുറവും ഉണ്ടാകാം. അതോടു നാം എങ്ങനെ പ്രതികരിക്കുന്നു? ദൈവസ്നേഹത്തോടും വിട്ടുവീഴ്ചാ മനോഭാവത്തോടും അവയെ കൈകാര്യം ചെയ്യാൻ നമുക്കു സാധിക്കുന്നുണ്ടോ?

**ഡോ. സനീഷ് ചെറിയാൻ**

മിസസ് ബേബി കുര്യാക്കോസ്

സഹോദരിമാരോട്

# സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ



കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ തന്റെ പ്രിയ ശിഷ്യന്മാരെ ചുറ്റുമിരുത്തി അവരെ പ്രബോധിപ്പിച്ചത്; ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ (മത്തായി 16:19,20) ശിഷ്യന്മാർ ഏറിയ പങ്കും മീൻപിടിത്തക്കാരായിരുന്നു. അവർക്ക് ആകെ അവകാശപ്പെടാനുണ്ടായിരുന്ന പടകും വലയും വിട്ടാണ് യേശുവിനെ അനുഗമിച്ചത്. അവരുടെ ഗുരുവോ അവരിലും ദരിദ്രനായിരുന്നതിനാൽ താൻ തന്നെ പറയുന്നു: കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനു തല ചായ്പാൻ ഇടമില്ല എന്ന്. അവൻ വിശപ്പും ദാഹവും അനുഭവിച്ചു. അവന്റെ ശിഷ്യന്മാരും വിശക്കയാൽ കതിർ പറിച്ചു തിന്നു. അവനെ അനുഗമിച്ച ചില സ്ത്രീകളുടെ പരിചരണവും അങ്ങിങ്ങായി ലഭിച്ച ചില വീടുകളിലെ സ്വീകരണവും ഒഴികെ അവർക്ക് ഒന്നും ഇല്ലായിരുന്നു. കഷ്ടതയുടെ പാരമ്യത്തിൽ, യാതനകളുടെ വഴിയിൽ ദാരിദ്ര്യത്തിന്റെ പര്യായമായി ഒരു ഗുരുവും കുറെ ശിഷ്യന്മാരും! ആ ഗുരു ശിഷ്യന്മാരോട് പറയുകയാണ് 'സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ' എന്ന്.

അവർ സ്വരൂപിച്ചു. തങ്ങളുടെ ഗുരുവും കർത്താവുമായവനു വേണ്ടി അനുഭവിച്ച കഷ്ടതകൾ, ഉപദ്രവങ്ങൾ, നിന്ദകൾ, അടികൾ, ഒടുവിൽ മരണം തന്നെയും അവരെ സ്വർഗ്ഗത്തിലെ ധനവാന്മാരാക്കി തീർത്തു.

ഗുരു അവരോട് പറഞ്ഞു: നിങ്ങൾ പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനെയും ന്യായം വിധിക്കും" സ്വർഗ്ഗത്തിലെ അവരുടെ നിക്ഷേപം അവരെ രാജാക്കന്മാരും പ്രഭുക്കന്മാരും ആകത്തക്ക വിധത്തിൽ വർദ്ധിച്ച് പെരുകി. ഇന്ന് എവിടെയും നിക്ഷേപം സ്വരൂപിക്കാനുള്ള വ്യഗ്രതയാണ്. വിശ്വാസഗോളത്തിലും അങ്ങനെതന്നെ. വിശ്വാസത്തിനു വേണ്ടി വീടും ധനവും പ്രിയപ്പെട്ടവരേയും ഉപേക്ഷിച്ച് കഷ്ടതയുടെയും ഞെരുക്കത്തിന്റെയും വഴി തിരഞ്ഞെടുത്ത പിതാക്കന്മാരുടെ ചരിത്രം അടുത്ത തലമുറ വിശ്വസിക്കുമോ?

ഇന്ന് മനുഷ്യൻ വലിയ ഓട്ടത്തിലാണ് . ബസ്സുകൾ, വണ്ടികൾ, വിമാനങ്ങൾ എത്ര പെരുകിയിട്ടും മതിയാകുന്നില്ല. എത്ര സമ്പാദിച്ചിട്ടും മനുഷ്യനു തൃപ്തിയുമില്ല. ഇന്നത്തെ ആവശ്യത്തിനു വേണ്ടിയാണോ ഈ ബദ്ധപ്പാട്? അല്ല ഒരിക്കലുമല്ല. നാളത്തേയ്ക്കോ? അല്ല, അതിനുമല്ല. ഭാവിക്കുവേണ്ടി! അതിന്റെ തിരക്കിൽ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. അപ്പനും അമ്മയും കുഞ്ഞുങ്ങളും ഒന്നു ചേർന്നു കർത്താവിന്റെ സന്നിധിയിൽ ആരംഭിക്കുന്ന ജീവിതമില്ലാതാകുന്നു. ഭർത്താവ് ഒരിടത്ത്, ഭാര്യ വേറൊരിടത്ത്, മക്കൾ നേഴ്സറി സ്കൂളുകളിൽ. അത്ര ഒക്കെയേ സാധിക്കുകയുള്ളൂ. മനുഷ്യൻ അങ്ങനെ സമാധാനിക്കുന്നു. എന്നാൽ വിശ്വാസികളുടെ ഈ തൃപ്തി വരാത്ത പോക്കിന് അടുത്ത തലമുറ ഉത്തരം പറയുവാൻ തുടങ്ങിയിരിക്കുന്നു. ദൈവജനം വളരെ കരുതലോടും ഭയത്തോടും കാലടികൾ വെയ്ക്കേണ്ടുന്ന ഒരു സന്ദർഭത്തിൽ എത്തിയിരിക്കുന്നു. അല്പമെങ്കിലും ദൈവിക പരിജ്ഞാനം ലഭിച്ച അനേകം മാതാപിതാക്കളുടെ കണ്ണുകൾ ഇപ്പോൾ ജലാശയങ്ങളായി മാറിയിരിക്കുകയാണ്. കാരണം, ഒരു വിധത്തിൽ അവർ സ്വരൂപിച്ച നിക്ഷേപങ്ങൾ തന്നെ. ആ നിക്ഷേപം ആരെന്നും എവിടെയെന്നും ചോദിക്കുവാൻ അടുത്ത തലമുറയ്ക്ക് ധൈര്യം കൊടുത്തു അഥവാ വാക്കിൽ മാത്രം ഒതുക്കി

ശേഷം പേജ് 6 ▶



# ഇന്ത്യയിലെ ആദ്യത്തെ ബ്രദറൺ രക്തസാക്ഷി
# ബ്ര. യു.എം. ദൊരെയ് രാജ്

*കർത്തൃദാസൻ യു.എം. ദൊരൈരാജ് ബ്രദറൺ പ്രസ്ഥാനത്തിലെ ആദ്യത്തെ രക്തസാക്ഷിയാണ്. തന്റെ സണ്ടേസ്കൂൾ വിദ്യാർത്ഥിയായിരുന്ന ഡോ. ജോൺസൺ സി. ഫിലിപ്പ് ഈ വിശ്വാസവീരനെക്കുറിച്ച് പങ്കുവയ്ക്കുന്ന ഹൃദയഹാരിയായ വിവരണം.*



ഭാരതത്തിലെ ബ്രദറൺ സഭാ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നാണ് ബ്രദർ യു.എം. ദൊരെയ് രാജിന്റെ രക്തസാക്ഷി മരണം. എന്നാൽ അധികമാർക്കും അദ്ദേഹത്തെക്കുറിച്ച് കേട്ടുകേൾവി പോലുമില്ല. കാരണം പുസ്തകങ്ങളോ ആനുകാലിക പ്രസിദ്ധീകരണങ്ങളോ ക്യാമറകളോ അധികം ഇല്ലാതിരുന്ന ഒരു കാലത്താണ് അദ്ദേഹം ജീവിച്ചതും ശുശ്രൂഷിച്ചതും. എങ്കിലും അദ്ദേഹത്തിന്റെ ഓർമ്മകൾ ഇന്നും എന്നെ പുളകം കൊള്ളിക്കുന്നു. എന്റെ ആദ്യത്തെ സണ്ടേസ്കൂൾ ടീച്ചറായിരുന്ന അദ്ദേഹത്തെ അടുത്തറിയാൻ എനിക്കു സാധിച്ചിട്ടുണ്ട്.

ഒന്നാം തലമുറക്കാരനായ ഒരു ക്രിസ്തു വിശ്വാസിയായിരുന്നു സഹോ. യു.എം. ദൊരൈരാജ്. അദ്ദേഹം എന്റെ പിതാവ് ഫിലിപ്പ് ഏബ്രഹാമിനോടൊപ്പം മദ്രാസിലുള്ള ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച വ്യക്തിയാണ്. എച്ച്.ബി.ഐ. യിലെ വിദ്യാർത്ഥികൾ തങ്ങളുടെ പഠനകാലത്തു തന്നെ വിവിധ ശുശ്രൂഷകളിൽ ഏർപ്പെടുക പതിവാണ്. അങ്ങനെയാണ് അദ്ദേഹം എന്റെ സണ്ടേസ്കൂൾ അദ്ധ്യാപകനായതും. കുഞ്ഞുങ്ങളെ ആഴമായി സ്നേഹിക്കുകയും നല്ല നിലയിൽ ആശയവിനിമയം നടത്താൻ കഴിവുമുണ്ടായിരുന്ന അദ്ദേഹം പറഞ്ഞു തന്ന കഥകൾ അന്നെന്ന പോലെ ഇപ്പോഴും എന്നിൽ സന്തോഷം പകരുന്നു.

എച്ച്.ബി.ഐ. പഠനത്തിനു ശേഷം ട്രിപ്ലിക്കൻ സഭയോടു ചേർന്നു രണ്ടു വർഷത്തോളം താൻ ശുശ്രൂഷകൾ ചെയ്തു. വടക്കേന്ത്യയിലേക്കു കർത്താവ് തന്നെ നിയോഗിക്കുന്നതായ ബോദ്ധ്യം തനിക്കു ലഭിച്ചു. സുവിശേഷ സന്ദേശം ഒരിക്കൽ പോലും കടന്നു ചെന്നിട്ടില്ലാത്ത രാജസ്ഥാനിലെ അൾവർ എന്ന സ്ഥലത്തേക്കു പോകുവാൻ താൻ തീരുമാനിച്ചു. തമിഴ്നാട്ടിൽ ജനിച്ചു വളർത്തപ്പെട്ടതിനാൽ ഹിന്ദി ഭാഷ തനിക്കറിയില്ലായിരുന്നു. തന്മൂലം ഭാഷ പഠിക്കേണ്ടതിനായി താൻ മധ്യപ്രദേശിലെ ഗ്വാളിയറിലേക്കാണ് ആദ്യം പോയത്.

1960–ൽ അദ്ദേഹം ഗ്വാളിയറിൽ എത്തുകയും സുവി. ഫിലിപ്പ് ഏബ്രഹാമിനോടു ചേർന്നു ഭാഷാ പഠനത്തിനും വടക്കേന്ത്യൻ സംസ്ക്കാരം മനസ്സിലാക്കുന്നതിനും സമയം ചെലവഴിക്കുകയും ചെയ്തു. തുടർന്നു രാജസ്ഥാനിലെ കോട്ടയിലെത്തി. രാജസ്ഥാനിലെ സാഹചര്യങ്ങളെയും ഉൾക്കൊള്ളുവാൻ സാധിച്ചതിനാൽ അൾവറിൽ ഒരു വാടക വീട്ടിൽ താൻ താമസിച്ചു പ്രവർത്തനം ആരംഭിച്ചു. ദിനം തോറും താൻ ഗ്രാമങ്ങൾ സന്ദർശിക്കയും ലഘുലേഖകളും മറ്റും വിതരണം ചെയ്യുകയും ചെയ്തിരുന്നു. എച്ച്ബിഐ വിദ്യാർത്ഥികളുടെ സുവിശേഷ പ്രവർത്തനരീതിയായിരുന്നു ഇത്. താൻ പ്രാർത്ഥനാ വീരനും സുവിശേഷത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവനുമായിരുന്നു.

അക്കാലത്ത് അൾവർ ക്രിസ്തീയ സന്ദേശങ്ങളെ ശക്തമായി എതിർത്ത സ്ഥലങ്ങളിലൊന്നായിരുന്നു. തന്മൂലം തെക്കേന്ത്യക്കാരനായ ഒരുവനെ സംബന്ധിച്ചിടത്തോളം അവിടെ പ്രവർത്തനം തുടരുകയെന്നതു പ്രയാസമേറിയ കാര്യമായിരുന്നു. എന്നാൽ ഭീഷണികളെ വക വയ്ക്കാതെ കർത്താവിനെ സാക്ഷിക്കുവാൻ ദൃഢനിശ്ചയമുള്ളവനായി അദ്ദേഹം അവിടെ സുവിശേഷം

അറിയിച്ചു. ഏതൊരു മിഷണറിയെയും പോലെ ചില ആത്മീക ഫലങ്ങളെ കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. തെക്കേന്ത്യൻ സംസ്ഥാനങ്ങളിൽ ഫലങ്ങൾ ഉടൻ കാണാൻ സാധിക്കുമെങ്കിലും വടക്കേന്ത്യയുടെ സ്ഥിതി അതായിരുന്നില്ല. വർഷങ്ങൾ താൻ പ്രവർത്തിച്ചെങ്കിലും വേർപ്പെട്ടു മുൻപോട്ടു വരുന്ന ഫലങ്ങളെ കാണുവാൻ തനിക്കു സാധിച്ചില്ല. തന്നെ അതു വളരെ ദുഃഖിപ്പിച്ചുവെന്നു സഹോദരന്മാരോട് തുറന്നു പറഞ്ഞിരുന്നു. താൻ വളരെ ആത്മഭാരത്തോടെ സുവിശേഷം അറിയിച്ചുകൊണ്ടേയിരുന്നു.

അങ്ങനെയിരിക്കെ ദൊരൈ രാജിനെ കാണ്മാനില്ലെന്ന വാർത്ത സഹോദരങ്ങൾക്കു ലഭിച്ചു. വാർത്ത കേട്ട ഉടനെ സഹോദരന്മാരായ ഫിലിപ്പ് ഏബ്രഹാം, എം.എ. തോമസ്, കെ.സി. ജോൺ എന്നിവർ താൻ താമസിച്ച സ്ഥലത്തെത്തി. തന്റെ ചെരിപ്പുകളൊഴികെ തനിക്കുണ്ടായിരുന്നതെല്ലാം ആ വീട്ടിൽ ഉണ്ടായിരുന്നതായി അവർ കണ്ടെത്തി. താൻ സ്ഥിരമായി ഉപയോഗിച്ചിരുന്ന വേദപുസ്തകം അടങ്ങിയ സഞ്ചിപോലും അവിടുണ്ടായിരുന്നു. തന്മൂലം ആരോ അദ്ദേഹത്തെ തന്ത്രപൂർവ്വം വീട്ടിൽ നിന്നു വിളിച്ചിറക്കികൊണ്ടുപോയതാണ് എന്നു വ്യക്തം. വീടിനുള്ളിൽ പിടിവലിയുടെ ലക്ഷണങ്ങളൊന്നും ഉണ്ടായിരുന്നുമില്ല. ഉടുതുണിയോടു കൂടെ വീടുവിട്ടിറങ്ങാൻ അദ്ദേഹത്തെ ആരോ പ്രേരിപ്പിച്ചു എന്നു മനസ്സിലാക്കാം. വളരെ ക്രമീകൃതമായ ഒരു തട്ടിക്കൊണ്ടുപോകലായിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

തന്റെ സഹപാഠികളും സഹപ്രവർത്തകരുമായിരുന്ന സഹോ. ഫിലിപ്പ് ഏബ്രഹാമും, എം.എ. തോമസും, കെ.സി ജോണും പോലീസും പല നിലകളിൽ അന്വേഷിച്ചുവെങ്കിലും കണ്ടുപിടിക്കാൻ സാധിച്ചില്ല. സാഹചര്യങ്ങളെ കണക്കിലെടുക്കുമ്പോൾ പോലീസിനു പോലും യാതൊരു തുമ്പും ലഭിക്കാത്ത നിലയിൽ പ്രിയ സഹോദരനെ സുവിശേഷ വിരോധികൾ കൊന്നു മറവു ചെയ്തു എന്ന നിഗമനത്തിലെത്തി നിൽക്കുകയാണ് അന്വേഷണം നടത്തിയവർ എല്ലാവരും. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും യാതൊരു വിവരവും ലഭിക്കാത്തതിനാൽ താൻ കൊല്ലപ്പെട്ടു എന്നു വ്യക്തമാണ്. ജീവനോടുണ്ടെങ്കിൽ താൻ തന്റെ സഹപ്രവർത്തകരെ തേടിയെത്തുമായിരുന്നു.

ബ്രദറൺ സഭകളിൽ നിന്നും സുവിശേഷത്തിനു വേണ്ടി ജീവൻ വെടിഞ്ഞ് ആദ്യ രക്തസാക്ഷിയായി സഹോ. ദൊരൈരാജ് ശോഭിക്കുന്നു.

**ഭീഷണികളെ വക വയ്ക്കാതെ കർത്താവിനെ സാക്ഷിക്കുവാൻ ദൃഢനിശ്ചയമുള്ളവനായി അദ്ദേഹം അവിടെ സുവിശേഷം അറിയിച്ചു. ഏതൊരു മിഷണറിയെയും പോലെ ചില ആത്മീക ഫലങ്ങളെ കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു.**

തനിക്കു ഫലങ്ങളെ ഈ ഭൂമിയിൽ കാണാൻ സാധിച്ചില്ലെങ്കിലും തന്റെ ജീവൻ അനേകരുടെ രക്ഷയ്ക്കു അടിത്തറയായി എന്നു ഇന്നു അൾവറിലും രാജസ്ഥാനിന്റെ ഇതരഭാഗങ്ങളിലുമുള്ള ബ്രദറൺ സഭകൾ സാക്ഷ്യം വഹിക്കുന്നു.

ദൊരൈ രാജിന്റെ മരണ വാർത്ത വടക്കേന്ത്യയിലെ വിശ്വാസികളുടെ നാഡീഞരമ്പുകളെ മരവിപ്പിച്ചു. എന്നാൽ ആ കാലത്തു രാജസ്ഥാനിൽ തന്നെയുണ്ടായിരുന്ന സഹോ. ടി.ജെ ജോസഫ് അൾവറിലെ വേല തുടരണമെന്ന് ആഗ്രഹിക്കയും അവിടേക്ക് പ്രവർത്തനത്തിനായി കടന്നു ചെല്ലുകയും ചെയ്തു. താൻ അൾവറിലേക്കു പോകുന്നതായി പറഞ്ഞപ്പോൾ, സീനിയർ നഴ്സായി ജോലി ചെയ്തിരുന്ന വൽസമ്മ എന്ന സഹോദരി അദ്ദേഹത്തിന്റെ ജീവിത സഖിയായി തന്നോടൊപ്പം സുവിശേഷ രണാങ്കണത്തിലേക്കു പോകാൻ മനസ്സുവെക്കുകയും ചെയ്തു. അൾവറിലേക്കുള്ള ആ ദമ്പതികളുടെ ചുവടുവെയ്പിനെ സഹപ്രവർത്തകർ എത്ര ഭീതിയോടെയാണ് കണ്ടതെന്നു ഞാൻ ഓർക്കുന്നു. എന്നാൽ സഹോ. ടി.ജെ. ജോസഫിന്റെ തീരുമാനം ഉറച്ചതായിരുന്നു.

ഇന്നു 50 വർഷങ്ങൾ പിന്നിടുമ്പോൾ വലിയ ഒരു സഭാകൂടിവരവും, ഇംഗ്ലീഷ് മീഡിയം സ്കൂൾ, ബൈബിൾ സ്കൂൾ, മറ്റനേകം ആത്മീക പ്രവർത്തനങ്ങളും സഹോ. ടി.ജെ. ജോസഫിന്റെ ചുമതലയിൽ നടക്കുന്നു എന്നതു സ്തോത്രത്തിനു വക നൽകുന്നു. ദൊരൈരാജിന്റെ രക്തസാക്ഷി മരണം രാജസ്ഥാനിലെ വേർപാടു സഭാപ്രവർത്തനങ്ങൾക്കു ശക്തി പകർന്നു. തന്റെ ശരീരത്തിൽ നിന്നും ചൊരിയപ്പെട്ട ഓരോ തുള്ളി രക്തവും അനേകരുടെ മാനസാന്തരത്തിനു ഉപകരിച്ചു എന്നു കാലം തെളിയിച്ചിരിക്കുന്നു. തന്റെ മരണം ഒരിക്കലും വൃഥാവിലായില്ല.

ക്രിസ്തുവിനു വേണ്ടി മടുത്തു പോകാതെ സുവിശേഷ ഘോഷണത്തിൽ പ്രാണത്യാഗം ചെയ്ത കർത്തൃദാസൻ ദൊരൈരാജിനെ ഓർത്തു നമുക്കു ദൈവത്തെ സ്തുതിക്കാം. തന്റെ ദർശനവും സമർപ്പണവും നമുക്കും ഏറ്റെടുക്കാം.


**സുവിശേഷകനെ പരിചയപ്പെടുക**

# ലാർസൻ ലാസർ



ഹരിയാനയിലെ അംബാലയിൽ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ലാർസൻ ജനിച്ചത്. തന്റെ ഇരുപതാമത്തെ വയസ്സിൽ സുവി. വി.ടി. ജോൺ മുഖാന്തരം രക്ഷയുടെ അനുഭവത്തിലേക്ക് ആനയിക്കപ്പെട്ടു.

റോമർ 3:23 –10:9 വരെ ഭാഗങ്ങളിൽ നിന്നും താൻ പാപിയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുകയും 2000 നവം. 23–നു പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു, ക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 2001 മാർച്ച് 26–നു സ്നാനപ്പെട്ടു. സുവിശേഷം അറിയിക്കുന്നതിൽ തനിക്കു പ്രത്യേക താല്പര്യമുണ്ടാകുകയും ദൈവഹിതത്തിനു വേണ്ടി പ്രാർത്ഥനയോടെ കാത്തിരിക്കുകയും ചെയ്തു. ഗലാ 1:15, 2 രാജാ 7:9 തുടങ്ങിയ വേദഭാഗങ്ങളിലൂടെ ദൈവാത്മാവ് തന്നോടു സംസാരിച്ചു.




തുടർന്നു വചനം ക്രമീകൃതമായി പഠിക്കാനുള്ള ഭാഗ്യവും തനിക്കു ലഭിച്ചു. 2006–ൽ താൻ M.Th. ഡിഗ്രി കരസ്ഥമാക്കി. തുടർന്ന് പഞ്ചാബിലേക്കു സുവിശേഷവുമായി പോകാനുള്ള പ്രേരണ തനിക്കുണ്ടാവുകയും അക്കാര്യം താൻ സഭയെ അറിയിക്കുകയും ചെയ്തു. അങ്ങനെ 2006 ജൂണിൽ അംബാല അസംബ്ലി അദ്ദേഹത്തെ പഞ്ചാബിലേക്കു പ്രാർത്ഥിച്ചയച്ചു. കഴിഞ്ഞ 5 വർഷങ്ങളായി അനുഗ്രഹീതമായ പ്രവർത്തനം നടത്തുവാൻ കർത്താവ് തന്നെ സഹായിച്ചു.

2007–ൽ താൻ നവോമി എന്ന സഹോദരിയെ വിവാഹം കഴിച്ചു. ദൈവം അവർക്കു ഒരു പെൺകുഞ്ഞിനെ ദാനമായി നൽകി. ജാസ്പെർ എന്നു പേരുള്ള അവൾക്ക് ഇപ്പോൾ മൂന്ന് വയസ്സുണ്ട്. പഞ്ചാബിലെ ദേരാബസി (Dera Bassi) എന്ന സ്ഥലത്തു അവർ കുടുംബമായി കർത്താവിനെ സേവിക്കുന്നു.

പട്ടണത്തോടു ചേർന്ന സ്ഥലമാകയാൽ വീട്ടുവാടക വളരെ കൂടുതലാണ്. ഉയർന്ന വാടക തന്റെ താമസത്തെയും പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ദൈവജനം പ്രിയ സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കണമെ.

വിലാസം : Larzen Laser, Flat No. 355, B-15, 3BR, Gulmohar City, Dera Bassi Dist. Mohali, Punjab - 140507

## സുവിശേഷ ക്യാമ്പ്

പാലക്കാട് : പോത്തുണ്ടിയിൽ 2011 ഡിസംബർ 23,24 തീയതികളിൽ സുവിശേഷ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിക്കുക (ബിജു. സി. ജോൺ)

2-ാം പേജിൽ നിന്നും സ്വർഗ്ഗത്തിൽ നിക്ഷേപം....

നിർത്തിയ വിശ്വാസ ജീവിതം അനുകരിക്കുവാൻ അടുത്ത തലമുറ കൂട്ടാക്കിയില്ല. എത്ര നെടുവീർപ്പുകൾ! എത്ര കണ്ണുനീർ കണങ്ങൾ!

എന്നാൽ ഇന്ന് കർത്താവിന് നമ്മോട് പറയുവാനുള്ളത് സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾക എന്നാണ്. ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്. കാരണം, അത് സുരക്ഷിതമല്ല. സ്വർഗ്ഗത്തിൽ നിക്ഷേപിക്കുക, അത് ഭദ്രമാണ്. കണക്കിലേക്ക് ഏറുന്ന പ്രതിഫലമായി അതു തിരികെ കിട്ടും, മാത്രമല്ല. നമ്മുടെ നിക്ഷേപം ഇരിക്കുന്നിടത്ത് നമ്മുടെ ഹൃദയവും ഇരിക്കും. നമ്മുടെ ഹൃദയത്തിന്റെ വാഞ്ഛയും നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യവും കർത്താവിന്റെ മഹത്വമുള്ള സന്നിധാനം ആയിരിക്കണം എന്നു താൻ ആഗ്രഹിക്കുന്നു. പ്രിയമുള്ളവരെ, നമുക്ക് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടോ? ഉണ്ടെങ്കിൽ എത്രയുണ്ട്? സ്വർഗ്ഗത്തിലെ പൗരന്മാരാണ് നാം എന്നും ഇവിടെ അന്യരും പരദേശികളും പ്രവാസികളും ആണെന്നും എത്ര ഭംഗിയായി പ്രസംഗിക്കാറുണ്ട്! ഉച്ചത്തിൽ പാടാറുണ്ട്. എന്നാൽ വാസ്തവസ്ഥിതി കർത്താവിന്റെ സന്നിധിയിൽ ശാന്തമായിരുന്ന് ഒന്നു പരിശോധിക്കുമോ? നാം സ്വർഗ്ഗത്തിലെ പൗരന്മാരാണ്. കർത്താവിന്റെ കൃപയാൽ ദാനമായി നമുക്കു കിട്ടിയ ഒരു അവകാശമാണ് അത്. ലോക വ്യവസ്ഥിതി നോക്കുമ്പോൾ ഒരാൾക്ക് രണ്ടു രാജ്യത്തിലെ പൗരന്മാരായി ഒരേ സമയത്ത് ഇരിക്കുവാൻ പാടില്ല. ഒരുവന്റെ സമ്പാദ്യങ്ങളും കണക്കുകളും ബന്ധങ്ങളും ഒരു രാജ്യത്ത് മാത്രമായിരിക്കും. സ്വർഗ്ഗീയ പൗരന്മാരായ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ കണക്ക് ഒന്നു പരിശോധിച്ചാൽ നമ്മെത്തന്നെ ഞെട്ടിപ്പിക്കുന്ന ഒരു സത്യം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. സ്വർഗ്ഗത്തിലെ നമ്മുടെ നിക്ഷേപം വളരെ തുച്ഛവും. അന്യരെന്നും പരദേശികളെന്നും നാം പാടുന്ന ഈ ലോകത്തിൽ നിക്ഷേപം അധികമാണെന്നും.

നാം അനേക കാര്യങ്ങൾ പറയുന്നു. അതിൽ പകുതിപോലും വിശ്വസിക്കുന്നില്ല. ഒരംശം പോലും പ്രായോഗികമാക്കുന്നില്ല. നമ്മെക്കാൾ ബുദ്ധിയും ആലോചനശക്തിയുള്ള യുവതലമുറ നമ്മെ മനസ്സിലാക്കിക്കഴിഞ്ഞു. ആദ്യദിവസത്തെ നമ്മുടെ പ്രസംഗവും പ്രാർത്ഥനയും അവർ കേൾക്കുന്നില്ല. എന്നാൽ ആറു ദിവസത്തെ നമ്മുടെ ജീവിതം അവർ ശ്രദ്ധിക്കുന്നു. വാക്കുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും ജീവിക്കാൻ സാധിക്കാത്തതുമായ ഒരു വിശ്വാസപ്രമാണമായി ക്രിസ്തീയ ജീവിതത്തെ നമ്മുടെ തലമുറ കാണുന്നു.

**ഒരാൾക്ക് രണ്ടു രാജ്യത്തിലെ പൗരന്മാരായി ഒരേ സമയത്ത് ഇരിക്കുവാൻ പാടില്ല. ഒരുവന്റെ സമ്പാദ്യങ്ങളും കണക്കുകളും ബന്ധങ്ങളും ഒരു രാജ്യത്ത് മാത്രമായിരിക്കും. സ്വർഗ്ഗീയ പൗരന്മാരായ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ കണക്ക് ഒന്നു പരിശോധിച്ചാൽ നമ്മെത്തന്നെ ഞെട്ടിപ്പിക്കുന്ന ഒരു സത്യം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. സ്വർഗ്ഗത്തിലെ നമ്മുടെ നിക്ഷേപം വളരെ തുച്ഛവും. അന്യരെന്നും പരദേശികളെന്നും നാം പാടുന്ന ഈ ലോകത്തിൽ നിക്ഷേപം അധികമാണെന്നും.**

ദൈവജനമേ, നമ്മുടെ ഈ ദുഃസ്ഥിതിയെ മനസ്സിലാക്കി ഉണരേണ്ടുന്ന കാലം അതിക്രമിച്ചു കഴിഞ്ഞു. വളരെ നാളത്തേക്ക് സമ്പാദിച്ച് തന്നോടു തന്നെ തിന്നുക, കുടിക്കുക, ആശ്വസിക്കുക എന്നു പറഞ്ഞ ഒരു ധനവാന്റെ കാര്യം കർത്താവ് പറയുന്നുണ്ട്. അവൻ അന്യായമായി എന്തെങ്കിലും സമ്പാദിച്ചു എന്നോ കൂട്ടിവെച്ചു എന്നോ വചനത്തിൽ കാണുന്നില്ല. കൃഷി ചെയ്ത് സമ്പത്ത് വർദ്ധിപ്പിച്ച ഒരു ധനവാൻ. ദൈവം അനുഗ്രഹിച്ച ഒരു ഭാഗ്യവാൻ! അന്നത്തെ മനുഷ്യർ അവനെക്കുറിച്ച് അങ്ങനെ പറഞ്ഞിരിക്കും. എന്നാൽ കർത്താവിന് അവനോട് പറയാനുള്ളത്. 'മൂഢാ, ഇന്നു രാത്രി നിന്റെ ജീവനെ നിന്നോട് ചോദിക്കും. പിന്നെ നീ ഒരുക്കി വെച്ചത് ആർക്കാകും?' പ്രിയമുള്ളവരെ, ഇന്ന് നമ്മുടെ ജീവനെ നമ്മോട് ചോദിച്ചാൽ - നമ്മുടെ ജീവിതം ലാഭമോ നഷ്ടമോ! നാം മൂഢരോ, ബുദ്ധിമാന്മാരോ! ദൈവവിഷയമായി സമ്പന്നർ ആകുന്നില്ല എങ്കിൽ നാം മൂഢർ തന്നെ. കർത്താവിന്റെ ചോദ്യത്തിന് നമുക്കുള്ള ഉത്തരം കണ്ടുപിടിച്ച് ഈ വാക്കുകൾ വായിച്ച് അവസാനിപ്പിക്കാൻ ഇടയാകട്ടെ.

ദൈവവിഷയമായി സമ്പന്നരായി സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ച് ജ്ഞാനികളായി ജീവിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

# വേർപാട് ന്യൂസ്

## വൈ. എം. ഇ. എഫ്. വാളകം യൂണിറ്റ് മിനി ക്യാമ്പ്

**പോത്താനിക്കാട്** : വൈ.എം.ഇ.എഫ് വാളകം യൂണിറ്റിന്റെ ആഭിമുഖ്യത്തിലും പോത്താനിക്കാട് സഭയുടെ സഹകരണത്തിലും 2011 നവംബർ 24,25 തീയതികളിൽ ഒരു മിനിക്യാമ്പ് പോത്താനിക്കാട് വെച്ചു നടന്നു. സഹോ. കെ.സി. സൈമൺ ബൈബിൾ ക്ലാസ്സ് എടുത്തു. വിവിധ സ്ഥലങ്ങളിൽ നിന്നായി സഹോദരന്മാർ പ്രവർത്തനത്തിൽ പങ്കെടുത്തു. വാളകം യൂണിറ്റിന്റെ പ്രവർത്തനങ്ങളെയും പോത്താനിക്കാട് സഭയെയും പ്രാർത്ഥനയിൽ ഓർത്താലും.

## ദിവ്യസന്ദേശം 2011

**നെല്ലിക്കുന്ന്** : നെല്ലിക്കുന്നു കുറയിൽ ദിവ്യസന്ദേശം എന്നപേരിൽ നടത്തിവരുന്ന സുവിശേഷ യോഗങ്ങൾ ഈ വർഷം ഡിസംബർ 1-4 വരെ തീയതികളിൽ നടക്കും. സുവി. ബിജു ആലടി, പി.സി. വർഗീസ് എന്നിവർ വചനം ശുശ്രൂഷിക്കും. സണ്ടേസ്കൂൾ വാർഷികവും നടത്തപ്പെടും.

## സുവിശേഷ യോഗങ്ങളും സ്നാനശുശ്രൂഷയും

**സൂര്യനെല്ലി**: സീയോൻ മിഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തിൽ സൂര്യനെല്ലിയിൽ 2011 ഡിസംബർ 23-25 വരെ സുവിശേഷ പ്രവർത്തനങ്ങളും സ്നാനശുശ്രൂഷയും നടക്കും. സുവി. ശീമോൻ സൂര്യനെല്ലിയിൽ കർത്തൃവേല ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കു സഹോ. ശീമോൻ 9645352153. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## വൈ. എം. ഇ. എഫ് ആന്ധ്രാ ന്യൂസ്

**അങ്കമാലി**: സുവിശേഷ വിരോധികളുടെ ഇടപെടലിനെതുടർന്നു പോലീസ് കസ്റ്റഡിയിലായ വൈ. എം. ഇ.എഫിന്റെ വാഹനം 3 ലക്ഷം രൂപ സെക്യൂരിറ്റിയായി അടച്ചതിനെതുടർന്നു സ്വതന്ത്രമാക്കി. സഹോദരന്മാരുടെ കേസ് 2012 ജനുവരിയിലേക്കു മാറ്റി. എം. സി. ജോർജ്ജ്, ജോയി ശമുവേൽ എന്നീ സഹോദരന്മാരുടെ നേതൃത്വത്തിൽ വാഹനം ബാംഗ്ലൂർ വഴി കേരളത്തിലെത്തിച്ചു. ടീമിനെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.

## യൂത്ത് മ്യൂസിക് ഫെസ്റ്റ് ഗ്വാളിയറിൽ

**മധ്യപ്രദേശ്** : സംസ്ഥാനത്തെ സാംസ്ക്കാരിക പൈതൃക നഗരമായ ഗ്വാളിയറിൽ 2011 ഡിസംബർ 10-11 തീയതികളിൽ മ്യൂസിക് ഫെസ്റ്റ് നടത്തപ്പെടുന്നതാണ്. നഗരത്തിലെ യുവജനങ്ങളെ ലക്ഷ്യമിട്ട് നടത്തപ്പെടുന്ന ഈ സമ്മേളനത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികളെ പ്രതീക്ഷിക്കുന്നു. സഹോദരന്മാരായ ജോർജ്ജ് മട്ടയ്ക്കൽ, ഗോഡ്ലി കുര്യൻ, ഫിലിപ്പ് കെ. ആൻഡ്രൂസ് എന്നിവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകും. അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. (രജ്ഞിത്ത് കുമാർ 09425790860)

## ദി ബ്രദറൺ പ്രസിദ്ധീകരിച്ചു

ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിക്കുന്ന വേർപാടു വാർത്താപത്രികയുടെ ഇംഗ്ലീഷ് പതിപ്പായ The Brethren പ്രസിദ്ധീകരിച്ചു. ഈ പ്രസിദ്ധീകരണം ലഭിക്കുന്നതിന് www.BrethrenAsemblyNews.com സന്ദർശിക്കുക. പ്രിന്റഡ് കോപ്പി ആവശ്യമുള്ളവർ ഞങ്ങൾക്കെഴുതുക.

## മാസവേലയും മാസയോഗവും

**പിറവം** : മധ്യകേരളത്തിൽ സ്ഥലം സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന മാസവേല പ്രവർത്തനം ഡിസംബർ 7-9 വരെ പിറവം സഭയുടെ ചുമതലയിൽ ഇടയാർ എന്ന സ്ഥലത്തു വച്ചു നടക്കും. സുവി. എ.എം. പ്രസാദ് ബൈബിൾ ക്ലാസ്സ് എടുക്കും. പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

## എസ്. ബി. എസ്. ഏകദിനസമ്മേളനം

നമ്മുടെ സഭയിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി എസ്.ബി.എസ്സിന്റെ ചുമതലയിൽ 2011 ഡിസംബർ 26 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 3 മണി വരെ കട്ടപ്പനബ്രദറൺ സഭാ ഹാളിൽ വച്ച് ഏകദിനസമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സമ്മേളനം ബ്രദർ സനൽ മത്തായി (ചെന്നൈ) ഉദ്ഘാടനം ചെയ്യുന്നതും സഹോദരന്മാരായ ഏബ്രഹാം ജേക്കബ് (പുതുപ്പള്ളി) ടൈറ്റസ് ആർ (മറയൂർ) എന്നിവർ ലീഡേഴ്സ് ആയിരിക്കും. കൂടാതെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഹൈറേഞ്ചിലെ സഹോദരന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതാണ്. 250 പേരെ പ്രതീക്ഷിക്കുന്ന ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തി

നായി ദൈവജനം പ്രാർത്ഥിക്കുകയും, സാമ്പത്തിക ആവശ്യങ്ങളിൽ സഹകരിക്കുകയും ചെയ്യണം.

എം.കെ. സണ്ണി, റോയി സ്കറിയ

## ഏകദിന യുവജനസമ്മേളനം

**മീമ്പാറ** : മീമ്പാറ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2011 ഡിസംബർ 24 ശനിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ഒരു ഏകദിന യുവജനസമ്മേളനം നടത്തുവാനാഗ്രഹിക്കുന്നു. സുവി. വി.പി. പൗലോസ് (മണ്ണൂർ) "യുവജനങ്ങളും ക്രിസ്തീയ സാക്ഷ്യവും" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ എടുക്കുന്നു. എല്ലാ സഹോദരി സഹോദരന്മാരും വിശേഷാൽ യുവതി - യുവാക്കളും പ്രാർത്ഥനയോടെ കടന്നുവന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

സഭയ്ക്കുവേണ്ടി

ടി.എസ്. പൗലോസ്, എം.ജെ. പൗലോസ്, പി. റ്റി. കുഞ്ഞുതൊമ്മൻ

## കൺവെൻഷൻ / ക്യാമ്പ്

എസ്.പി.എസ്. ഫണ്ട് ബ്രദറൺ സഭകളുടെ 17-ാമത് സംയുക്ത കൺവെൻഷൻ 2012 ഫെബ്രു.1-5 വരെ തെള്ളിയൂർ വരിക്കാനിക്കൽ ബ്രദറൺ സഭാഹാളിനു സമീപം തയ്യാറാക്കുന്ന പന്തലിൽ. പ്രസംഗകർ M/s. ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി, ബിജു ആലടി, ഡോ പി.എം. ജോർജ്ജുകുട്ടി. പാപികളുടെ രക്ഷയ്ക്കും ദൈവനാമ മഹത്വത്തിനും കാരണമാകുവാൻ പ്രാർത്ഥിച്ചാലും. കൺവെൻഷൻ കമ്മറ്റിക്കുവേണ്ടി കൺവീനർ, എം.കെ. കുഞ്ഞുമോൻ.

## സുവിശേഷകന്മാരുടെ ആത്മീയ സംഗമം

**ഇടുക്കി** : ഹൈറേഞ്ചിൽ അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്ന സുവിശേഷകന്മാരുടെ സമ്മേളനം 2011 ആഗസ്റ്റ് 8-ന് മുരിക്കാശ്ശേരിയിൽ വെച്ച് നടത്തുവാൻ കർത്താവ് കൃപ ചെയ്തു. സുവി. പി.ഡി. വറുഗീസ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യൂദയുടെ ലേഖനത്തെ ആസ്പദമാക്കി ആത്മീക ചിന്തകൾ അന്യോന്യം പങ്കിടുവാനും ദൈവകൃപ ധാരാളമായി അനുഭവിപ്പാനും ഈ സമ്മേളനം മുഖാന്തിരമായി വി.എം. പോൾ രാജാക്കാട്, ഫോൺ : 9446224941.

## സുവിശേഷ വയലിൽ

**ലുധിയാന**: - ക്രിസ്ത്യൻ ബിലീവേഴ്സ് സഭാംഗമായ സഹോ. ബിനോദ് കുമാർ ഒരു ഹിന്ദു കുടുംബത്തിൽ നിന്നും 1999-ൽ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് സഭയോടു സഹകരിച്ചുവരികയും തുടർന്ന് 2005-ൽ നോർത്ത് ഇൻഡ്യ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനശേഷം കഴിഞ്ഞ രണ്ടു വർഷമായി ബീഹാറിലും നേപ്പാളിലും പ്രവർത്തിക്കുകയായിരുന്നു. സഹോദരനെ പൂർണ്ണ സമയ സുവിശേഷകനായി സഭ അംഗീകരിച്ചിരിക്കുന്ന വിവരം ദൈവമക്കളെ അറിയിക്കുന്നു. തന്റെ വിലാസം : Evg, Binod Kumar, S/o. Bishwanath Mahta, Central Bank of India, Dorbesganj P.O., Araria (Dist), Bihar - 854 318. സഭയ്ക്കുവേണ്ടി Abraham C.G, Dr. J.N. Toppo, Evg. Madan Paul.

## രോഗികൾ

**കോഴഞ്ചേരി** : സഹോ. എം.സി. ഫിലിപ്പ് ലിവർ ക്യാൻസർ ബാധയെ തുടർന്ന് ചികിത്സയിലായിരിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിച്ചാലും.

**ഹിസാർ** : സഹോദരി പൂജ രക്താർബുദത്താൽ ഭാരപ്പെടുന്നു. 25 ദിവസം പ്രായമുള്ള കുഞ്ഞ് ഉണ്ട്. വിടുതലിനായി പ്രാർത്ഥിക്കുക.

**യു. എ സ്. എ.**: സഹോ. ബേബി ജേക്കബ് ബൈപാസ് സർജറിയെ തുടർന്നു വിശ്രമത്തിലായിരിക്കുന്നു. പ്രാർത്ഥിക്കുക.

**ബാംഗ്ലൂർ** : ബ്ര. ജോർജ്ജ് അലക്സാണ്ടർ ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞ് വിശ്രമിക്കുന്നു. പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ബഹറിൻ**: സഹോ. ബിജു ജോർജ്ജിന്റെ മകൾ ലബന(7) ഹൃദയവാൽവു സംബന്ധമായ അസുഖത്തിന് ശ്രീ ചിത്തിര ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്നു.

**പുത്തൻകാവ്** : ബ്ര. അനീഷ് ജേക്കബ്ബ് ക്യാൻസർ രോഗബാധിതനായി കൊച്ചിയിലെ ലേക്ക്ഷോർ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്നു.

**ഫരിദാബാദ്**: സുവി. എഡ്വിൻ പോളിന്റെ മകൻ കെന്നത്ത് (4) കിഡ്നി സംബന്ധമായ അസുഖത്താൽ കഴിഞ്ഞ 3 വർഷങ്ങളായി പ്രയാസപ്പെടുന്നു. വിടുതലിനായി പ്രാർത്ഥിക്കുക. സാമ്പത്തിക സഹായം അയയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ചുവടെ ചേർക്കുന്ന അഡ്രസ്സിൽ അയച്ചാലും Edwin Paul, Federal Bank, Faridabad Branch A/c. No : 13810100080750 , IFSC Code 0001381

**കൊച്ചി** : ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ മകൻ ഡോ. ആനന്ദ് ഫിലിപ്പ് ബൈക്ക് അപകടത്തെ തുടർന്ന് വലതു കാലിനും കൈവിരലുകൾക്കും ഒടിവ് സംഭവിച്ച് ചികിത്സയിലായിരിക്കുന്നു. വിടുതലിനായി പ്രാർത്ഥിച്ചാലും.

**നെല്ലിക്കുന്ന്** : സുവി. ജോഷി ജോൺ ഹെർണിയ ഓപ്പറേഷനു വിധേയനായി ഭവനത്തിൽ വിശ്രമിക്കുന്നു. പ്രാർത്ഥിക്കുക.

**തൃശ്ശൂർ** : വി.കെ. ശമുവേൽ (64) ഹാർട്ട് കംപ്ല യിന്റിനെതുടർന്ന് ചികിത്സയിൽ കഴിയുന്നു. പ്രാർത്ഥനയിൽ ഓർക്കുക.

**ആന്ധ്ര:** സുവിശേഷകൻ ഡി. ആനന്ദറാവു കിഡ്നി യിൽ അസുഖം ബാധിച്ച് ചികിത്സയിൽ കഴിയുന്നു. ഏകദേശം ഒരു ലക്ഷം രൂപ തന്റെ ചികിത്സയ്ക്ക് ആവശ്യമാണ്. തന്റെ ബാങ്ക് അക്കൗണ്ട് നമ്പർ State Bank of India, A/c No. 11574243187, Branch :0784 Peda Gottepada Village, Gundur, സുവിശേഷക നെയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർക്കുക.

**ബിലാസ്പൂർ:** സുവിശേഷകൻ അഗസ്റ്റിൻ കെ. തോമസിന്റെ ഭാര്യ ഷൈനി അഗസ്റ്റിൻ (34) ബ്രയി നിൽ ഉണ്ടായ ഒരു സ്ട്രോക്കിനെതുടർന്ന് ചികിത്സ യിൽ കഴിയുന്നു.

## ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, മലമ്പുഴ

**മലമ്പുഴ** : ഇവിടുത്തെ, സുവി. കുഞ്ചച്ചേടത്ത് ജോൺ വർഗീസിന്റെ മകൻ സാമുവേൽ വർഗീസ് കർതൃവേ ലയ്ക്കായി വേർതിരിഞ്ഞു. താനിപ്പോൾ കുടുംബ മായി (ഭാര്യ, രണ്ടു മക്കൾ) ഈ ജില്ലയിലെ അട്ടപ്പാടി പോലെ ഉയർന്ന പ്രദേശമായ നെല്ലിയാമ്പതിയിൽ വാടകയ്ക്ക് താമസിച്ചുകൊണ്ട് സുവിശേഷം അറി യിച്ചു വരുന്നു.

തോട്ടം തൊഴിലാളി മേഖലയായ ഇവിടെ മലയാളി കളും തമിഴരും ഇടകലർന്ന് താമസിക്കുന്നു. യാത്രാ ക്ലേശമുള്ള ഈ സ്ഥലത്തെ പ്രവർത്തനങ്ങളെയും ബ്ര. സാമുവേൽ വർഗ്ഗീസിനേയും കുടുംബത്തേയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുകയും നെല്ലിയാ മ്പതിയിലെ കർതൃവേലകൾക്ക് പിൻബലം കൊടു ക്കുകയും ചെയ്യണമെ. തന്റെ വിലാസം : Samuel Varghese, Suvartha Bhavan (Kunchachedathu), Nelliyampathy, Padagiri P.O., Palakkad - 678 508, Kerala.

## വൈ.എം.ഇ.എഫ് മലബാർ ഡിവിഷൻ ക്യാമ്പ്

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ ഗോസ്പൽ ക്യാമ്പ് 2011 ഡിസംബർ 19,20,21 തീയതികളിൽ കണ്ണൂർ ജില്ലയിലെ പയ്യ ന്നൂർ സഭയുടെ സഹകരണത്തിൽ പയ്യന്നൂർ ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തു വാൻ ആഗ്രഹിച്ച് തീരുമാനിച്ചിരിക്കുന്നു. ബ്രദർ എബി.കെ. ജോർജ്ജ് (മല്ലശ്ശേരി) ബെന്നി ആന്റണി (കിണർമുക്ക്) തുടങ്ങിയവർ പ്രധാനശുശ്രൂ ഷകന്മാരായിരിക്കും. ഈ പ്രവർത്തത്തിന്റെ അനു ഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

എന്ന്, സെക്രട്ടറി, കെ.കെ. മാത്യു, ട്രഷറർ ആർ. പി. ഷാജു Ph : 495316476

## ഇവാഞ്ചലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി

**കൊച്ചി** : പതിനേഴ് വർഷങ്ങൾക്കു മുമ്പ് നാൽപ്പ തിൽപ്പരം സഹോദരങ്ങൾ എറണാകുളത്ത് സമ്മേളിച്ച് ആവേശപൂർവ്വം ആരംഭിച്ച ഇവാഞ്ച ലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രിയെ കർത്താവ് അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഓരോ വർഷവും പുതിയ ട്രാക്റ്റുകളും പുസ്തക ങ്ങളും വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കു ന്നു. ഇനിയും വളരെ ദൂരം പോകുവാനുണ്ട്. റിപ്പോർട്ട് വർഷത്തിൽ ഒറിയ ഭാഷയിൽ ട്രാക്റ്റു കളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുവാൻ ഇടയായതു കൂടാതെ പഞ്ചാബിയിലും "ഞാൻ നിങ്ങളോടിതു പറഞ്ഞേ മതിയാവൂ" എന്ന ട്രാക്റ്റും 'മനുഷ്യഹൃദയം' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു. ആരംഭകാലങ്ങളിൽ മലയാള പ്രസിദ്ധീകരണങ്ങൾക്കായ് ബഹുഭൂരിഭാഗം തുകയും ചെലവിട്ടുകൊണ്ടിരുന്നു. റിപ്പോർട്ട് വർഷത്തിൽ മലയാളം പ്രസിദ്ധീകരണ ങ്ങൾക്കായി 2,89,815/- രൂപ ചെലവിട്ടപ്പോൾ അന്യസംസ്ഥാനഭാഷകൾക്കായി 2,04,826/- രൂപ ചെലവഴിച്ചു താൽപ്പര്യത്തോടെ വിതരണം ചെയ്ത് ഈ ശുശ്രൂഷയിൽ സഹായിക്കുന്ന ദൈവജനത്തോട് ഞങ്ങൾക്കുള്ള നന്ദി രേഖപ്പെ ടുത്തുന്നു.

Babukutty Thomas (Secretary) , Evangelical Literature Ministries, Boat Jetty Road, Vaduthala, Cochin - 23

## വചനപ്രകാശിനി – വാല്യം VII : വേദപു സ്തക പ്രവചനപഠനം

ആത്മപ്രകാശിനി മാസികയുടെ ഒരു പ്രവർത്ത നമായ വചനപ്രകാശിനിയുടെ ആദ്യത്തെ 6 വാല്യങ്ങൾക്കു ലഭിച്ച സ്വീകരണം വളരെ പ്രോത്സാഹനജനകമായിരുന്നു. കുമ്പനാട്ടു വച്ച് 2011 സെപ്റ്റംബർ 26–28 വരെ നടന്ന ഒമ്പതാം സമ്മേളനത്തിൽ അവതരിപ്പിച്ച പഠനങ്ങളാണ് 'വചനപ്രകാശിനി' യുടെ ഏഴാം വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തിരുവചനഭാഗങ്ങ ളുടെ പശ്ചാത്തലത്തിനു പ്രാധാന്യം നൽകാത്ത ആലങ്കാരിക വ്യഖ്യാനരീതി ഇന്നുള്ള പല പ്രവ ചനപണ്ഡിതന്മാരും വേദപുസ്തക വ്യാഖ്യാന ത്തിന് ഉപയോഗിക്കുമ്പോൾ വചനസത്യങ്ങൾ വ്യാഖ്യാനിക്കപ്പെടുകയില്ല, വികലമാക്കപ്പെടുക യാണ് ചെയ്യുന്നത്. ആകയാൽ ഈ വാല്യത്തിൽ ആക്ഷരിക വ്യഖ്യാനരീതി അനുസരിച്ച് തയ്യാറാ ക്കിയ ഭാവികാല സംബന്ധമായ വിഷയങ്ങളെ ക്കുറിച്ചുള്ള പഠനങ്ങളുമാണ് ചേർത്തിരിക്കു ന്നത്. വേദപുസ്തക വ്യാഖ്യാനനിയമങ്ങളും പ്രവചനവ്യാഖ്യാനവും (ഡോ. കെ.സി.

ജോൺസൺ), പ്രവചനസംഭവങ്ങളുടെ കാല ക്രമം (ഡോ.ഒ.എം. ശമുവേൽ), ഒലിവുമല പ്രഭാഷണവും ആശയകുഴപ്പങ്ങളും ഹർമ്മഗെദ്ദോനിലേക്ക് (ബ്ര. രാജൻ തോമസ് ബഹ്റൈൻ) എന്നീ പഠനങ്ങളാണ് പുസ്തകത്തിൽ ഉള്ളത്.

92 പേജുകളുള്ള ഈ പുസ്തകം 40 രൂപയ്ക്ക് The Manager, Athmaprakashini, P.O. Box 10, Kumbanad 689 547, (Ph : 0469-2664314) എന്ന വിലാസത്തിൽ ലഭ്യമാണ്.

## അഭ്യർത്ഥന

**വെല്യോലിമല (വെച്ചൂച്ചിറ)** : ഇവിടെ സുവി. കെ. ആർ. കുഞ്ഞുകുഞ്ഞ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയ നിയമ മാതൃകപ്രകാരമുള്ള സഭാകൂടിവരവ് 27-9-2009 ഞായറാഴ്ച മുതൽ ആരംഭിച്ചു. ഇവിടെ 10 സെന്റ് സ്ഥലവും അതിൽ പണി തീരാത്ത ഒരു ഹാളും വാങ്ങുവാൻ അതിന്റെ ഉടമസ്ഥനുമായി ബന്ധപ്പെട്ട് 10000 രൂപ അഡ്വാൻസ് കൊടുത്തു. ഒരു ലക്ഷം രൂപയ്ക്ക് സ്ഥലം തരാമെന്ന് സമ്മതിച്ചു. അതിലുള്ള ഹാൾ പണി പൂർത്തിയാക്കി ആരാധന തുടങ്ങുവാനും വസ്തുവിന്റെ ബാക്കി പണം സാവകാശം കൊടുത്താൽ മതിയെന്നും സമ്മതിച്ചു. ഈ വിവരം ദൈവജനത്തെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിദേശത്തും സ്വദേശത്തുമുള്ള സഭകളിൽ നിന്നും വ്യക്തികളിൽ നിന്നുമായി 90306 രൂപ ലഭിക്കുകയുണ്ടായി. അതിൽ 88,200 രൂപ 65 പൈസ ചെലവാക്കി ഹാൾ പണിതു ആരാധന ആരംഭിച്ചു. 2279 രൂപ 35 പൈസ കയ്യിൽ ബാക്കിയുണ്ട്. ഇനി എത്രയും പെട്ടെന്ന് ഉടമയ്ക്ക് ബാക്കി പണമായ 90000 രൂപ കൊടുത്ത് ആധാരം രജിസ്റ്റർ ചെയ്യണം. വസ്തു എസ്.എ.ഐ. യുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതാണ്. ഇവിടെ കൂടിവരുന്നവർ സാധുക്കളും കൂലിപ്പണിക്കാരുമാണ്. ഇത്രയും തുക സമാഹരിക്കുവാൻ അവരെക്കൊണ്ട് സാധിക്കുകയില്ല. ആയതിനാൽ എല്ലാ സഭകളുടെയും ദൈവമക്കളുടെയും പ്രാർത്ഥനയും സാമ്പത്തിക സഹകരണവും പ്രതീക്ഷിക്കുന്നു. ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി 5000 രൂപ സഭയിലെ വിശ്വാസികൾ സ്വരൂപിച്ചുകൊള്ളാം. ഇപ്പോൾ ഇവിടെ 13 ഭവനങ്ങളിൽ നിന്നായി 14 പേർ കർത്തൃമേശയിൽ സംബന്ധിക്കാനുണ്ട്. 25ഓളം പേർ കൂടിവരുന്നുണ്ട്. ഇതിന്റെ ആവശ്യത്തിലേക്കായി മന്ദമരുതി ഫെഡറൽ ബാങ്കിൽ ജോർജ്ജ് സി. ജേക്കബിന്റെയും കെ.ആർ. കുഞ്ഞുകുഞ്ഞിന്റെയും പേരിൽ 12450100090607 നമ്പരായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ദൈവജനത്തിന്റെ സഹായം ഈ അക്കൗണ്ടിലൂടെ മാറത്തക്കവണ്ണം ദയവായി അയച്ചു തന്നാലും. സഹകരണം പ്രതീക്ഷിക്കുന്നു. വിലാസം സുവി. കെ. ആർ. കുഞ്ഞുകുഞ്ഞ്, പുത്തേടത്ത് വീട്, മുക്കട പി.ഒ., കറിക്കാട്ടൂർ, കോട്ടയം - 686544, ഫോൺ : 0428 245091, വല്യോലിമല സഭയ്ക്കുവേണ്ടി, രാജു സി.റ്റി., ജോൺ യോഹന്നാൻ, കൊച്ചുമോൻ വി.കെ., സുവി. കെ.ആർ. കുഞ്ഞുകുഞ്ഞ്.

## പത്തനംതിട്ട കൺവെൻഷൻ 2011

സ്ഥലം : പത്തനംതിട്ട ഗോസ്പൽ ഹാൾ,

സമയം : 2011 ഡിസംബർ 18 ഞായർ സായാഹ്നം മുതൽ 25 ഞായർ മദ്ധ്യാഹ്നം വരെ

പ്രസംഗകർ : ഡോ. ഒ.എം. ശാമുവേൽ, ജോസ് മാത്യു, വർഗീസ് കെ. കുര്യൻ, പി.ജി. ജെയിംസ്, ജോർജ്ജ് കോശി, റോയി മാത്യു, ബിനു സാമുവേൽ, എബി. കെ. ജോർജ്ജ്.

കൺവെൻഷൻ കമ്മറ്റിക്കുവേണ്ടി കെ.എ. ഫിലിപ്പ്, എം.റ്റി ജോർജ്ജ്, ഒ.റ്റി. ചെറിയാൻ.

## 109 – ാമത് കുമ്പനാട് കൺവെൻഷൻ

109-ാമത് ജനറൽ കൺവെൻഷൻ 2011 ഡിസംബർ 25 ഞായർ മുതൽ 2012 ജനു 1 ഞായർ വരെ കുമ്പനാട്ടു വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഡോ. ഒ. എം. സാമുവേൽ, എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കെ. കുര്യൻ, ജോസ് മാത്യു, ജോൺ പി. തോമസ്, സാമുവേൽ ബി. തോമസ്, റ്റി. ജി. ബെന്നി തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്. താഴെ പറയുന്ന തീയതികളിൽ പ്രത്യേക പരിപാടികൾ ക്രമീകരിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളട്ടെ.

26-12-2011 തിങ്കൾ 10.00 - 3.30 : ബാലസംഘം സൗത്ത് ഡിവിഷൻ സമ്മേളനം

27-12-2011 ചൊവ്വ 10.30-1.30 - സുവിശേഷകന്മാരുടെ സമ്മേളനം

കേരളത്തിൽ നിന്ന് കർണ്ണാടക, തമിഴ്നാട്, സംസ്ഥാനങ്ങളിൽ താമസിച്ചു പ്രവർത്തിക്കുന്നവർ കൂടാതെ സാധാരണ മീറ്റിംഗുകളിൽ സംബന്ധിക്കുന്നവരുമായ എല്ലാ സുവിശേഷകന്മാരും കടന്നു വരണമേ.

28-12-2011 ബുധൻ 10.30-1.30 - സോദരിസമാജം
29-12-2011 ബുധൻ 10.30-1.30 - മിഷ്നറി മീറ്റിംഗ്
31-12-2011 ശനി 10.00-2.00 - കുടുംബസംഗമം

കർത്തൃനാമത്തിൽ ഏവരുടെയും പ്രാർത്ഥനയും സഹകരണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. കൺവെൻഷൻ കമ്മിറ്റിക്കുവേണ്ടി കൺവീനർ.

*ശേഷം പേജ് 15*

ഇ.പി. വർഗീസ്

പൂർവ്വകാല സ്മരണകൾ.

തുടർച്ച (7) .....

# കുന്നംകുളത്തെ സുവിശേഷ വിപ്ലവം

1905 –നോട് അടുത്താണ് ലോനപ്പൻ ഉപദേശി ആദ്യമായി അങ്കമാലിയിൽ വന്നത്. മി. നാഗലും ഒന്നിച്ചുണ്ടായിരുന്നു. അവർ ഒന്നാമതായി ചെയ്ത പ്രസംഗം കേട്ട ഒരു സഹോദരി ഇന്നും ജീവിച്ചിരിപ്പുണ്ട്. അക്കാര്യം വലിയ അഭിമാനത്തോടും പ്രാഗത്ഭ്യത്തോടും കൂടെ അവർ അടുത്ത സമയം എന്നോടു പറയുകയുണ്ടായി. ആദ്യകാലങ്ങളിൽ വന്നും പോയും സുവിശേഷം അറിയിച്ചിരുന്നവരുടെ കൂട്ടത്തിൽ ലോനപ്പൻ ഉപദേശിയും ഉൾപ്പെടുന്നു. വടക്കൻ തിരുവിതാംകൂറിലും കൊച്ചിഭാഗത്തും സുവിശേഷമറിയിച്ചതും സഭകൾക്കടിസ്ഥാനമിട്ടതും മി. നാഗലും സഹപ്രവർത്തകന്മാരും കൂടിയായിരുന്നു. അതുകൊണ്ട് ഈ പ്രദേശത്തെ വേലകളെക്കുറിച്ച് ചിന്തിക്കുമ്പോൾ മി. നാഗൽ മുതൽപേരെക്കുറിച്ച് അല്പം ചിലത് പറയാതിരിക്കുവാൻ കഴിയുന്നതല്ല. വടക്കൻ പ്രദേശങ്ങളിലെ വേർപാടുകാർ ബ്രദറൺകാരെന്ന നാമധേയം സ്വീകരിച്ചിരുന്നില്ലെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. തൃശ്ശൂർ മുതലായ സ്ഥലങ്ങളിൽ നമ്മൾ അറിയപ്പെട്ടത് നാഗൽമിഷ്യൻകാരെന്ന പേരിലാണ്. വേർപാടുകാരെന്നോ, അല്ല, ബ്രദറുകാരെന്നു തന്നെയോ പറഞ്ഞാലും, ഒടുവിൽ നാഗൽ മിഷ്യൻകാരെന്നു പറഞ്ഞെങ്കിലേ ചോദ്യം അവസാനിക്കുമായിരുന്നുള്ളു. ഇതിൽ നിന്നും ഈ പ്രദേശങ്ങളിലെ വേലയിൽ മി. നാഗലിനുണ്ടായിരുന്ന നിസ്തുല്യസ്ഥാനം വ്യക്തമാകുന്നതാണ്. അതുകൊണ്ട് ആദ്യമായി മി. നാഗലിനെകുറിച്ചു തന്നെ ചിലതു പറഞ്ഞുകൊള്ളട്ടെ.

ഒരു ജർമ്മൻകാരനായിരുന്ന മി. നാഗൽ ബാസൽ മിഷ്യനിയിലെ ഒരു മിഷ്യനറിയായിട്ടാണ് ഇൻഡ്യയിൽ വന്നത്. എത്ര കാലം അവരൊന്നിച്ചു കഴിഞ്ഞു കൂടി എന്നറിഞ്ഞുകൂടാ. ഇൻഡ്യയിൽ വന്നശേഷം സ്നാനം സംബന്ധിച്ച ചില അഭിപ്രായ വ്യത്യാസങ്ങൾ അദ്ദേഹത്തിലുണ്ടായി. ബാസൽ മിഷ്യൻകാർ ശിശുസ്നാനവിശ്വാസികളാണല്ലോ. അദ്ദേഹം വേദാദ്ധ്യയനം ചെയ്തുകൊണ്ടിരിക്കുമ്പോൾ ശിശുസ്നാനത്തെ പഠിപ്പിക്കുന്ന വേദഭാഗമെവിടെ എന്നൊരു ചോദ്യം അദ്ദേഹത്തിലുദിച്ചു. അതറിയുവാൻ എല്ലാ വിധത്തിലുമുള്ള അന്വേഷണവും ആവോളം അദ്ദേഹം നടത്തിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. ശിശുസ്നാനത്തിനു ഒരു തെളിവു തിരുവെഴുത്തുക



*നാഗൽ സായിപ്പും കുടുംബവും താമസിച്ച വീട്*

ളിൽ കാണുവാൻ കഴിയാത്തതുകൊണ്ട് കൂട്ട് മിഷ്യനറിമാരോടു ചോദിക്കയും, പിന്നീട് അതൊരു തർക്കവിഷയമായിത്തീരുകയും, ഒടുവിൽ ആ വിവാദവിഷയം ജർമ്മനിയിലുള്ള ഹെഡ്ക്വാർട്ടേഴ്സിൽ ചെന്നെത്തുകയും ചെയ്തു. അവിടുത്തെ പ്രധാന ഉപദേഷ്ടാവും വേദശാസ്ത്രിയും നേതാവുമായിരുന്ന റവ. ഫ്രോൺ മെയർ എന്നദ്ദേഹവുമായി ഏറെ നാളുകൾ ഈ വിഷയം സംബന്ധിച്ചു എഴുത്തുകുത്തുകൾ നടത്തി. ഇരുപക്ഷത്തു നിന്നും ധാരാളം ന്യായവാദങ്ങൾ ഉന്നയിക്കപ്പെട്ടുവെങ്കിലും ആർക്കും ആരേയും ബോദ്ധ്യപ്പെടുത്തുന്നതിനോ, വിധേയപ്പെടുത്തുന്നതിനോ കഴിഞ്ഞില്ല.

ബാസൽ മിഷ്യന്റെ പൊതുവായ വിശ്വാസങ്ങളിൽ ഒന്നായി ശിശുസ്നാനം വേദാനുസരണമല്ലെന്നു ബോദ്ധ്യം വന്നതുകൊണ്ട് ഇനി അതിലെ മിഷ്യനറിയായിരിക്കുന്നത് തെറ്റാണെന്നു തോന്നിയപ്പോൾ അദ്ദേഹം തന്റെ രാജി സമർപ്പിക്കയാണുണ്ടായത്. ആ രാജി വളരെ നാളത്തേക്ക്, ബാസലിൽ സ്വീകരിക്കുകയുണ്ടായില്ല. ഈ കാര്യത്തിലെ അഭിപ്രായ വ്യത്യസം മൂലം സഭ വിടേണ്ടതില്ലെന്നും അക്കാര്യം ഒരു പ്രചരണവിഷയമാക്കാതെ സഭയിൽ തുടർന്നുപോകണമെന്നും മി. ഫ്രോൺ മെയർ മി. നാഗലിനെതാല്പര്യമായി ഉപദേശിച്ചു. എന്നാൽ സ്വന്ത മനസാക്ഷിക്കു ആ ആലോചനസ്വീകാര്യമായിത്തീരാത്തതുകൊണ്ട് മി. നാഗലിന്റെ നിർബന്ധപ്രകാരം അദ്ദേഹത്തിന്റെ രാജി സ്വീക



*മി.നാഗലും കുടുംബവും*

രിച്ചു ചുമതലകളിൽ നിന്നും വിടർത്തുകയാണു ണ്ടായത്.

മി.നാഗൽ ബാസൽ മിഷ്യനിൽ നിന്നും രാജി വച്ചു പിരിയുമ്പോൾ ബാസൽ മിഷ്യൻ പ്രവർത്ത നങ്ങളുടെ തെക്കെ അറ്റത്തെ സ്ഥാനമായിരുന്ന വാണിയങ്കുളത്തായിരുന്നു താമസിച്ചിരുന്നത്. മി. നാഗൽ തനിക്കു സ്വന്തമായുണ്ടായിരുന്ന ഏതാനും വീട്ടുസാമാനങ്ങൾ ഒരു കാളവണ്ടി യിൽ കയറ്റി പുറകിൽ താനും കയറി ഇരുന്നു തെക്കോട്ടേക്ക് തിരിച്ചു. അദ്ദേഹത്തെ അറിയുന്ന വരും അദ്ദേഹത്തോടു സഹതാപമുണ്ടായിരുന്ന വരുമായവർ താമസിക്കുന്ന വടക്കൻ സ്ഥലങ്ങളി ലേക്ക് പോകാതെ, യാതൊരു വിധത്തിലുള്ള അറിവും പരിചയവുമില്ലാത്ത തെക്കൻ സ്ഥലങ്ങ ളിലേക്ക് തിരിച്ചതു ഒരു അസാധാരണ സംഭവമാ യിരുന്നു. അബ്രഹാം ഹാരാൻ വിട്ടു പുറപ്പെട്ട പ്പോൾ എവിടേയ്ക്കു പോകുന്നു എന്നറിയാതെ ദൈവം കാണിപ്പാനിരിക്കുന്ന സ്ഥലത്തേക്കു പോയ അതേ വിശ്വാസത്തിന്റെ കാൽചുവടുകൾ തന്നെയായിരുന്നു, തെക്കോട്ട് പോകുന്നതിൽ മി. നാഗലും സ്വീകരിച്ചത്. എങ്ങോട്ടു പോകുന്നു എന്നു ആരെങ്കിലും ചോദിച്ചാൽ ദൈവം കാണി ക്കുന്ന സ്ഥലത്തേക്കു എന്ന് നൂറുശതമാനം സത്യാവസ്ഥയിൽ മി.നാഗലിനു പറയുവാൻ കഴി യുമായിരുന്നു. അപ്പോൾ കൈവശമുണ്ടായി രുന്ന പണം ആകെ പത്തു രൂപയും ചില്ലറയും ആയിരുന്നു എന്നും കാളവണ്ടിക്കൂലി പത്തു രൂപ വരുന്നിടത്തു വെച്ചു കാളവണ്ടിക്കാരനെ പിരിച്ചു വിടുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു എന്നും അടുത്ത സമയം വരെ ഒരു സഹോദരൻ എന്നോട് പറയുകയുണ്ടായി.

സഹതാപവും സഹായസഹകരണങ്ങളും പ്രതീക്ഷി ക്കാമായിരുന്ന വടക്കൻ സ്ഥലങ്ങളിലേക്കു പോകാതെ ഇവയൊന്നും പ്രതീക്ഷിക്കാനാവാത്ത തെക്കൻ സ്ഥലങ്ങളിലേക്ക് തിരിക്കുന്നതിന് മറ്റൊരു കാരണവും കൂടെ ഉണ്ടായിരുന്നു. അക്കാലത്തെ കരാറുകളനുസരിച്ച് വാണിയങ്കുളത്തിനു തെക്ക് ബാസൽമിഷ്യൻകാർക്ക് സുവിശേഷപ്രവർത്തന ങ്ങൾ നടത്തിക്കൂടായിരുന്നു. കൊല്ലം മുതൽ തെക്കോട്ടു മിഷ്യൻകാരും, ലൂഥറൺകാരും, കൊച്ചി, മദ്ധ്യതിരുവിതാംകൂർ സി.എം. എസ്സ്. കാരും തങ്ങ ളുടെ പ്രവർത്തനങ്ങളായി സ്വീകരിക്കുന്നതും അന്യോന്യം കടന്നു ആക്രമിക്കുകയില്ലെന്നു വ്യവസ്ഥ ചെയ്യുന്നതുമായ ഒരു കരാറ് നിലവിലിരി ക്കുന്ന കാലത്താണ് മി. നാഗൽ ബാസൽമിഷ്യൻ വിട്ടത്. അദ്ദേഹം ഇതുവരെ പ്രവർത്തിച്ചിരുന്ന ബാസൽമിഷ്യൻകാരുടെ മദ്ധ്യേ, അന്നുവരെ അദ്ദേഹം തന്നെ പഠിപ്പിച്ചിരുന്നതിൽ നിന്നും വ്യത്യ സ്തമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും അതുമൂ ലം, തന്റെ സഹപ്രവർത്തകന്മാരായിരുന്നവർക്ക് വൈഷമ്യങ്ങളുണ്ടാകുന്നതിനും ഇടയാകരുതെന്നു അദ്ദേഹം വിചാരിച്ചിരുന്നതും തെക്കോട്ട് പോകുന്ന തിന് ഒരു കാരണമായിരുന്നു എന്നു കരുതുവാൻ ന്യായങ്ങളുണ്ട്.

എന്തായാലും ദൈവമൊഴികെ മറ്റു ഒരു അവലം ബവും ഇല്ലാത്ത ദേശത്തേക്കാണ് അദ്ദേഹം പുറപ്പെട്ട ത്. കുന്നംകുളം അങ്ങാടിയിൽ വന്നപ്പോൾ 'പ്രാർത്ഥ നാഹാൾ' എന്ന ബോർഡോടു കൂടിയ ഒരു മന്ദിരം അദ്ദേഹം കണ്ടു. അത് ആരുടേതാണെന്നറിവാൻ ശ്രമിച്ചതോടെ അതിന്റെ ഉടമസ്ഥനും അക്കാലത്തെ നവീകരണ പ്രസ്ഥാന നേതാക്കന്മാരിൽ ഒരാളുമായ പാറമേൽ ശ്രീ. ഇട്ടൂപ്പ് ഇറങ്ങിവരികയും തമ്മിൽ കാര്യങ്ങൾ പറയുകയും ചെയ്തു. സ്വന്തം വീടിനരി കിൽ, അദ്ദേഹത്തിന്റേതായി, സുവിശേഷപ്രവർത്ത നങ്ങൾക്കും പ്രാർത്ഥിപ്പാൻ കൂടിവരുന്നതിനും വേണ്ടി റോഡരുകിൽ പണിതിട്ടിരുന്ന കെട്ടിടമായി രുന്നു മി.നാഗൽ കണ്ട പ്രാർത്ഥനാഹാൾ. മി. ഇട്ടൂപ്പ് ആ സ്ഥലത്തെ, ധനം കൊണ്ടും മാന്യത കൊണ്ടും മുൻപന്തിയിൽ നിന്നിരുന്നവരിൽ ഒരാളും നവീകര ണപ്രസ്ഥാനത്തിലെ നേതാക്കന്മാരിൽ ഒരാളും, ദൈവം കൊടുത്തിരുന്ന താലന്തുകൾ ദൈവമഹത്വ ത്തിനായി കൈകാര്യം ചെയ്തിരുന്ന ഒരു വിശ്വാസി യുമായിരുന്നു. അവർ തമ്മിലുണ്ടായ സംഭാഷണ ത്തിന്റെ ഫലമായി വണ്ടിയിൽ നിന്നും സാമാനങ്ങൾ ഇറക്കി വെച്ചു, കൂലി കൊടുത്ത്, വണ്ടിക്കാരനെപറ ഞ്ഞയച്ചു. കൈവശമുണ്ടായിരുന്ന പണവും വണ്ടി ക്കാരന് കൊടുക്കേണ്ടിയിരുന്ന വാടകയും പരിഗണി ക്കുമ്പോൾ പിന്നെ ഒട്ടും മുമ്പോട്ടു നീങ്ങുവാൻ മി. നാഗലിന് സാധിക്കുമായിരുന്നില്ല എന്നാണ് അറി ഞ്ഞിട്ടുള്ളത്.

*(തുടരും)*

ഡോ. ജോൺസൺ സി. ഫിലിപ്പ്

# പ്രാണിക് ഹീലിങ്ങ്?



## അവരുടെ കൂട്ടുകെട്ട്

ഒരു വ്യക്തിയുടെ കൂട്ടാളികളെ വിലയിരുത്തിയാൽ ആ വ്യക്തിയെ മനസ്സിലാക്കുവാൻ സാധിക്കുമല്ലോ. പ്രാണിക് ഹീലിങ്ങിന്റെ അടിസ്ഥാനഗ്രന്ഥത്തിൽ അവർ അവരുടെ കൂട്ടാളികളെക്കുറിച്ചു ധാരാളം വിവരങ്ങൾ നല്കിയിട്ടുണ്ട്. അവയെ അപഗ്രഥിക്കുന്നത് വളരെ പ്രയോജനമായിരിക്കും.

## ലൂസിഫർ ട്രസ്റ്റ്

ഇവരുടെ ആചാര്യനായ ചോവ കോക് സൂയിയുടെ ഗ്രന്ഥങ്ങളിൽ പലയിടത്തും പ്രത്യക്ഷപ്പെടുന്ന ഒരു വ്യക്തിയാണ് "ലൂസിഫർ" ട്രസ്റ്റിന്റെ സ്ഥാപികയായ ആലീസ് ബെയ്ലി. ലൂസിഫർ-സ്നേഹിയായ ഈ സ്ത്രീയുടെ പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പ്രാണിക് ഹീലിങ്ങിന്റെ അടിസ്ഥാനഗ്രന്ഥത്തിന്റെ 207, 221, 237 മുതലായ താളുകളിൽ കാണാവുന്നതാണ്.

ആലീസ് ബെയ്ലി ഒരു വെളിച്ചപ്പാടത്തിയും, സാത്താൻ സേവക്കാരിയുമായിരുന്നു. "ധ്വജ് ഖുൽ" എന്നു പേരുള്ള ഒരു ഭൂതം ആയിരുന്നു അവരുടെ നിത്യ സഖാവ്. അവരുടെ പല ഗ്രന്ഥങ്ങളും ഈ ഭൂതത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു എഴുതിയത്. പ്രസ്തുത പുസ്തകങ്ങളിലെ സാത്താന്യ ആശയങ്ങളെ ആഗോളവ്യാപകമായി പ്രചരിപ്പിക്കുവാൻ അവർ സ്ഥാപിച്ച സംഘടനയാണ് "ലൂസിഫർ ട്രസ്റ്റ്". ഈ സംഘടന ഇന്നും അവരുടെ ഗ്രന്ഥങ്ങൾ വിതരണം ചെയ്യുന്നു.

ലൂസിഫർ ട്രസ്റ്റിന്റെ ഗ്രന്ഥങ്ങൾക്കനുസരിച്ച്, സാത്താനാണ് മനുഷ്യവർഗ്ഗത്തിന്റെ ശരിയായ സഖാവും ദൈവവും. ക്രിസ്തീയ വിശ്വാസത്തെ സമൂലമായി ഉന്മൂല നാശം ചെയ്ത്, സാത്താന്റെ പരമാധികാരം ഭൂമിയിൽ സ്ഥാപിക്കുകയാണ് ബെയ്ലിയുടെയും ലൂസിഫർ ട്രസ്റ്റിന്റെയും പ്രഖ്യാപിത ലക്ഷ്യം. ഇവരാണ് പ്രാണിക് ഹീലിങ്ങ് പ്രസ്ഥാനത്തിന്റെ കൂട്ടാളി. വേർപാട് വിശ്വാസികളായ നമുക്ക് ഇവരുമായിട്ട് എന്ത് ബന്ധം?

## മന്ത്രവാദം

മന്ത്രവാദം, മന്ത്രവാദികൾ, മന്ത്രവാദ ഗ്രന്ഥങ്ങൾ മുതലായ വിഷയങ്ങളുമായി ഒരു വിശ്വാസിയുടെ സമീപനരീതി എങ്ങനെയുള്ളതായിരിക്കണമെന്ന് തിരുവെഴുത്ത് വ്യക്തമായി സംസാരിക്കുന്നുണ്ട്. ആഭിചാരകർമ്മങ്ങളെ ത്യജിച്ച വിശ്വാസികൾ അവരുടെ നിഗൂഢ-ശാസ്ത്ര ഗ്രന്ഥങ്ങൾ എങ്ങനെ കൈകാര്യം ചെയ്തു എന്നുള്ളത് അപ്പോസ്തല പ്രവൃത്തികളിൽ കാണാവുന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ മാന്ത്രിക വിദ്യകളുമായിട്ട് പ്രാണിക് ഹീലിങ്ങ്കാരുടെ ബന്ധം വിലയിരുത്തേണ്ടത് ആവശ്യമാണ്.

പ്രാണിക് ഹീലിങ്ങിന്റെ പിതാവായ മാസ്റ്റർ ചോവ കൊക്സൂയി തന്റെ പ്രാണിക് ഹീലിങ്ങിന്റെ പുരാതനശാസ്ത്രവും വിദ്യയും (The Ancient Science and Art of Pranic Healing) എന്ന ഗ്രന്ഥത്തിന്റെ പുറം 269ൽ പറയുന്നത് താൻ ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്ന മറ്റു ഗ്രന്ഥങ്ങൾ തന്റെ വിദ്യാർത്ഥികളുടെ പഠനത്തിനും പ്രായോഗിക പരിശീലനത്തിനും അത്യാവശ്യമാണെന്നാണ്. ഇതിൽ ചില ഗ്രന്ഥങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.



*ആലിസ് ബെയ്‌ലി,*

1. പുതുയുഗത്തിലെ പഠനം. ആലിസ് ബെയ്‌ലി, ലൂസിഫർ പബ്ലിഷിംഗ് (Latin Lucis = English Lucipher)
2. ബുദ്ധിയിൽ നിന്ന് അന്തർജ്ഞാനത്തിലേക്ക് ആലീസ് ബെയ്‌ലി, ലൂസിഫർ പബ്ലിഷിംങ്ങ്,
3. മാനുഷ, സൗര പ്രവേശനം (നിഗൂഢ വിദ്യകളിലേക്ക്) ആലിസ് ബെയ്‌ലി ലൂസിഫർ പബ്ലിഷിംങ്ങ്)
4. സാത്താന്യ ഭരണകൂടത്തിന്റെ അനാവരണം, ആലിസ് ബെയ്‌ലി, ലൂസിഫർ പബ്ലിഷിങ്ങ്
5. പ്രാചീനനിഗൂഢ ആചാരങ്ങൾ, തിയോസൊഫിക്കൽ പബ്ലിഷിംങ്ങ്
6 രഹസ്യ പാത, പോൾ ബ്രണ്ടൻ
7 മാന്ത്രിക ഭാവിജ്ഞാനവും, വെളിച്ചപ്പാടിന്റെയും സമ്പൂർണ്ണഗൈഡ്, ജോസഫ് വീഡ്
8. ഹർമ്മറ്റിക്കി (ഈജിപ്ഷ്യൻ മന്ത്രവാദത്തിലേക്കുള്ള പാത, ഫാനജ് ബാർഡൻ)
9. കബാലാ (ജ്യൂത മന്ത്രവാദവും) ധ്യാനവും, അര്യേ കാപ് ലാൻ

പ്രാണിക് ഹീലിങ്ങ് അഭ്യസിക്കുന്ന എല്ലാവരും വായിച്ചിരിക്കേണ്ടതെന്നു മാസ്റ്റർ സുയി പറയുന്ന 80-ൽപരം പുസ്തകങ്ങളിൽ ചിലതാണ് മുകളിൽ പരാമർശിച്ചത്. മറ്റു പുസ്തകങ്ങളും ഇതേ ഇനത്തിൽ പെടുന്നതാണ്. അപ്പോസ്തല പ്രവൃത്തികളിൽ കാണുന്ന സംഭവത്തിന്റെ വെളിച്ചത്തിൽ ഈ ഗ്രന്ഥങ്ങളോടും, ഇതിൽ പരാമർശിച്ചിരിക്കുന്ന നിഗൂഢ വിദ്യകളോടും വേർപാടു വിശ്വാസികളായ നമ്മുടെ സമീപനം എന്തായിരിക്കണം എന്നുള്ളതു വ്യക്തമാണ്.

**ഒരു വിലയിരുത്തൽ**

പ്രാചീനതാന്ത്രിക, നിഗൂഢ മതങ്ങളിൽ ഉണ്ടായിരുന്ന പാരാനോർമ്മൽ (സാമാന്യത്തിന് അതീതമായത് - പൈശാചികം) അറിവുകളുടെ സമാഹാരമാണ് പ്രാണിക് ഹീലിങ്ങ്. നിഗൂഢവിദ്യകൾ അഭ്യസിക്കുന്നവരുടെ ജ്ഞാനത്തെ പതിനെട്ടുവർഷം അപഗ്രഥിച്ച് അതിന്റെ രത്നചുരുക്കമായിട്ട് വികസിപ്പിച്ചെടുത്തതാണ് "പ്രാണിക് ഹീലിങ്ങ്" എന്ന മാന്ത്രിക വിദ്യ.

നിഗൂഢ ശാസ്ത്രങ്ങളിൽ നിന്ന് ആവിർഭവിക്കുന്നത് നിഗൂഢം തന്നെയാകുന്നു. അവ ദൈവികമോ ശാസ്ത്രീയമോ ആകുകയില്ല. ഈ ചികിത്സാവിധിക്ക് അടിസ്ഥാനം ഭൗതിക ശാസ്ത്രങ്ങളല്ല. നേരെമറിച്ച് ആഭിചാര ശാസ്ത്രങ്ങളാണ്.

നിഗൂഢ ശാസ്ത്രങ്ങളിൽ അധിഷ്ഠിതമായ എല്ലാ വിദ്യകളിൽ നിന്നും അകന്നു നിൽക്കുന്നവരാണ് വേർപാട് വിശ്വാസികൾ. ഇവയിൽ പെട്ടതും, നാം നമ്മുടെയിടയിൽ നിന്ന് അകറ്റി നിർത്തേണ്ടതുമായ ഒരു നിഗൂഢവിദ്യയാണ് "പ്രാണിക് ഹീലിങ്ങ്"

**മന്ത്രവാദത്തിന്റെ ഭാഗം**

നമ്മുടെ കേരളത്തിൽ മന്ത്രവാദവും ആഭിചാരവും പഠിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യുന്ന പല സ്ഥാപനങ്ങളുണ്ട്. ഇവിടെ ഏറ്റവും ലളിതമായ കൂടോത്രം തുടങ്ങി ഏറ്റവും ഗുരുതരമായ ഈജിപ്ഷ്യൻ ദുർമന്ത്രവാദങ്ങൾ വരെ പഠിപ്പിക്കുന്നു.

ഇവ"പ്രാണിക് ഹീലിങ്ങ്" മന്ത്രവാദത്തിന്റെ അവിഭാജ്യ ഭാഗമായിട്ടു പഠിപ്പിക്കപ്പെടുന്നു. തിരുവല്ലയിലും കളമശ്ശേരിയിലും ഉള്ള മന്ത്രവാദപരിശീലനകേന്ദ്രങ്ങളിൽ പ്രാണിക് ഹീലിങ്ങിനെ മന്ത്രവാദത്തിന്റെ ഭാഗമായിട്ട് അവരുടെ സിലബസ് തന്നെ പറയുന്നു.

ഇതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനമെങ്കിൽ ഇതിനു ആഭിചാര ശാസ്ത്രങ്ങളുമായിട്ട് ഈ ബന്ധം എങ്ങനെ? (ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന ചിത്രങ്ങൾ പ്രാണിക് ഹീലിങ്ങ് ഫൗണ്ടേഷന്റെ അനുവാദത്തോട് കൂടിയാണ്)

(അവസാനിച്ചു)

**പുല്ലാട്** : പുല്ലാട് ബഥേൽ ബ്രദറൺ സഭാംഗമായ സുവിശേഷകൻ പി. കെ. ബാബുവിന്റെ മൂത്തമകൻ ഡേവിഡ്സൺ പി.ബി. സുവിശേഷവേലയ്ക്കായി വേർതിരിയുകയും ബി.ബി.ഐയിൽ ബി.റ്റി.എച്ച്., എം.റ്റി.എച്ച് പഠനത്തിനു ശേഷം സ്ഥലം സഭയോടും കുമ്പനാട് സെന്റർ സുവിശേഷകൻ ബാലസംഘം പ്രവർത്തനങ്ങളിൽ സഹോദരന്മാരോട് ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരികയായിരുന്നു. തന്നെക്കുറിച്ചുള്ള ദൈവവിളി ബോദ്ധ്യപ്പെട്ട അദ്ദേഹം വേലയ്ക്കായി ആസ്സാമിൽ ചബുവ എന്ന സ്ഥലത്ത് ബ്രദർ. എബി സാമിനോട് ചേർന്ന് 2010 ഓഗസ്റ്റ് മാസം മുതൽ പൂർണ്ണ സമയ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. ഒരു പുതിയ സ്ഥലം സഭ കൂടിവരവാണ് ലക്ഷ്യം. സഹോദരന്റെ വിളിയും സമർപ്പണവും സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്ന കാര്യം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നു.

സഹോദരന്റെ മേൽവിലാസം : Bro. Davidson P.B., C/o. Aby Sam, Church Road, Chabua P.O, Dibrugarh -Assam 786184,

Elders : V.P. George, P.T. Thomas, Thomas Mathew, M.C. Mathew

## മഹത്വത്തിൽ

**ദുബായ്** : വരിക്കമാക്കൽ വിൽസൺ തോമസിന്റെ ഭാര്യ ജാകിലിൻ നവംബർ 3-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**കുമ്പനാട്** : സഹോ. കെ.സി. ചെറിയാൻ (77) നവംബർ 13-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 15നു കുമ്പനാട് ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**വാളകം** : ഊരമനസഭാംഗമായ കൊടിയാട്ടു ജയ്നമ്മ തോമസ് (84) നവംബർ 9-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവംബർ 12നു സംസ്ക്കരിച്ചു.

**മൈലപ്ര:** സഹോ. എം.സി. മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവംബർ 11-നു മൈലപ്ര ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പൂനെ:** പ്രിംപ്രി സഭയിലെ മൂപ്പന്മാരിലൊരാളായ ഷിൽഭദ്ര(75) ഒക്ടോബർ 12 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**റെയ്പൂർ:** സഹോ. കെ.എം. വർഗ്ഗീസ് (76) നവംബർ 6-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവംബർ 7-നു ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**കൊട്ടാരക്കര:** സഹോ: ഏബ്രഹാം (80) നവംബർ 4-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**തൃശ്ശൂർ** : കൊല്ലേലിൽ പരേതനായ സഹോ: ജോണിയുടെ സഹധർമ്മിണി സാറാമ്മ ജോണി (71) ഒക്ടോബർ 29-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവംബർ 1-നു നെല്ലിക്കുന്ന് ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി.

**മൈലപ്ര** : സഹോ. കെ.എ. ഫിലിപ്പിന്റെ മരുമകൾ സൂസൻ ജസ്റ്റിൻ (42) രക്താർബുദത്തെ തുടർന്ന് 2011 നവം. 22 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവം. 24-നു മൈലപ്ര ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**മൈലപ്ര** : റിട്ട. അദ്ധ്യാപകനായി സഹോ. കെ.ടി. പത്രോസ് (81) നവം 23-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവം.28 -നു മൈലപ്രാ ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പോത്താനിക്കാട്** : സഹോ. കെ.കെ. വർഗ്ഗീസ് (കുഞ്ഞുകുഞ്ഞ് – 82) 2011 നവം. 25-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം നവം. 26-നു പോത്താനിക്കാട് ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

## നേപ്പാളിൽ പുതിയ സഭാഹാൾ

**ധരാൻ:** സുവിശേഷകൻ സാം. ജി. ജോണിന്റെ പ്രവർത്തനഫലമായി ധരാനിൽ ആരംഭിച്ച ബ്രദറൺ സഭാ കൂടിവരവിൽ 55 ഓളം പേർ കൂടിവരുന്നു. പുതുതായി പണിത സഭാഹാളിന്റെ സമർപ്പണശുശ്രൂഷ 2011 നവം.17-നു നടന്നു. സുവി. ബില്ലി. പി. ജേക്കബ് (സിലിഗുരി) മുഖ്യതിഥി ആയിരുന്നു. തുടർന്നും ഈ സഭയെയും സുവിശേഷകനെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമെ.

## ദിശ മൾട്ടിമീഡിയ എക്സിബിഷൻ

**കോഴിക്കോട്** : സുവിശേഷം ആധുനിക മാർഗ്ഗങ്ങളിലൂടെ അവതരിപ്പിക്കുന്ന ദിശ ഗോസ്പൽ എക്സിബിഷൻ 2011 നവം. 26-30 വരെ കോഴിക്കോട് മറൈൻ ഗ്രൗണ്ടിൽ നടന്നു. ഈ സമ്മേളനത്തിൽ പങ്കെടുത്തവരുടെ രക്ഷയ്ക്കായും അനുധാവനപ്രവർത്തനങ്ങൾക്കായും ദൈവജനം പ്രാർത്ഥിച്ചാലും.

## എസ്.ബി. എസ് ഏകദിനസമ്മേളനം

**തൃശ്ശൂർ** : എസ്.ബി.എസ്. തൃശ്ശൂർ സെന്ററിന്റെ ഒരു ഏകദിനസമ്മേളനം പെങ്ങാമുക്ക് ബ്രദറൺ ചർച്ചിന്റെ ചുമതലയിൽ ചിറയ്ക്കൽ സംഗമം

പാലസിൽ വച്ച് ഡിസംബർ 5-നു നടക്കുന്നതാണ്. സുവി. ബിജു കണ്ണൻ മുഖ്യാതിഥിയായിരിക്കും. ദൈവത്തോടു കൂടെ നടക്കുക എന്ന തീം ആസ്പദമാക്കി ക്ലാസ്സുകൾ നടക്കും. ഡോ. ബിനോയ് വർഗ്ഗീസ് ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നതാണ്. പ്രാർത്ഥനയിൽ ഓർക്കുക.

## ബി.ബി.ഐ. മിഷൻ

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നു ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ ടീമുകളായി പ്രവർത്തിക്കുവാൻ കർത്താവ് കൃപ ചെയ്തു. തങ്ങളുടെ ദൗത്യം തികെച്ചു ക്ഷേമമായി മടങ്ങിയെത്തുന്നതിനായി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. (ഡോ. കെ.സി. ജോൺസൺ)

## വൈ.എം.ഇ.എഫ്. പാലക്കാട് യൂണിറ്റ്

ദൈവകൃപയാൽ വൈ.എം.ഇ.എഫ് പാലക്കാട് യൂണിറ്റിന്റെ സുവിശേഷക്യാമ്പ് ഒക്ടോബർ 8,9,10 തീയ്യതികളിൽ നമ്മുടെ കൂടിവരവുകൾ ഇല്ലാത്ത സ്ഥലങ്ങളായ പോത്തുണ്ടിയിലും, നെല്ലിയാമ്പതിയിലുമായി നടത്തപ്പെട്ടു. ഏകദേശം 36 പേർ ഈ പ്രവർത്തനത്തിൽ കടന്നുവന്ന് സഹകരിച്ചു. പോത്തുണ്ടിയിൽ സുവി. ബിജു. സി. ജോൺ കുടുംബമായി താമസിച്ച് പ്രവർത്തിക്കുന്നു. ഇവിടെ നാല്പതുപേർ കർത്താവിനെ രക്ഷകനായി ഏറ്റുപറഞ്ഞ് സ്വീകരിച്ചു. നെല്ലിയാംപതിയിൽ സുവി സാമുവൽ വർഗ്ഗീസ് കുടുംബമായി പ്രവർത്തിക്കുന്നു. നെല്ലിയാമ്പതിയിൽ 5 പേർ കർത്താവിനെഏറ്റുപറഞ്ഞ് സ്വീകരിച്ചു. ഈ സ്ഥലങ്ങളിൽ താമസിക്കാതെ സഭ കൂടിവരവുകൾ ഉണ്ടാകുമെന്നതിന് സംശയമില്ല. പരസ്യയോഗങ്ങൾ, ഭവനസന്ദർശനം, ബൈബിൾ ക്ലാസ്സുകൾ എന്നീ നിലകളിൽ ഗ്രൂപ്പുകൾ തിരിഞ്ഞ് നെല്ലിയാമ്പതി ഗ്രാമങ്ങളിൽ പ്രവർത്തിച്ചു. തണുപ്പ് വളരെ ശക്തമായിരുന്നെങ്കിലും കർത്താവ് ആവശ്യമായ കൃപകൾ ഈ സഹോദരന്മാർക്ക് നൽകി. ഈ ക്യാമ്പിലേക്ക് 24000 രൂപ ചിലവ് വന്നു. ജില്ലയിൽ നിന്ന് ഒമ്പതിനായിരം രൂപ മാത്രമാണ് ലഭ്യമായത്. പാലക്കാട് ജില്ലയിൽ പ്രവർത്തനം വളരെ ആവശ്യമാണ്. സുവിശേഷീകരണത്തിന് വളരെ സാധ്യത ഈ സ്ഥലങ്ങളിൽ ഉണ്ട്. "കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം" ഈ ജില്ലയിലുള്ള ഭൂരിഭാഗം സുവിശേഷകന്മാർക്കും സഭകളും സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നവരാണ്. ഈ ജില്ലയ്ക്കു വേണ്ടി ദൈവജനം പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ ഓർപ്പിക്കുന്നു. വൈ.എം.ഇ.എഫ്. പാലക്കാട് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹകരണം കാണിക്കുവാൻ താല്പര്യപ്പെടുന്നുവർ : –

Treasurer R. Manikandan, Secretary Samuel P. Abraham, President V.J. Joseph എന്നിവരുടെ പേരിൽ Vadakkancherry South Indian Bank ൽ ഒരു Join A/c തുടങ്ങിയിട്ടുണ്ട്. A/c No. 0590053000002080 IFS Code : SIBL0000590.

ട്രഷററുടെ വിലാസം : Mr. R. Manikandan, Mamthoppil House, Minarra, Chittur P.O., Agli Via, Attappadi, Palakkad - 678581, Kerala

പ്രാർത്ഥനയോടെ പാലക്കാട് വൈ.എം.ഇ.എഫ്
യൂണിറ്റിനുവേണ്ടി

പ്രസിഡന്റ് : വി.ജെ. ജോസഫ്
സെക്രട്ടറി : സാമുവേൽ പി. ഏബ്രഹാം

## വാർത്തകൾ അയയ്ക്കുമ്പോൾ

വേർപാടു വാർത്താപത്രിക വസ്തുനിഷ്ഠമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിൽ ജാഗ്രത പാലിക്കുന്നതിനാൽ സഭയുടെ ലെറ്റർപാഡിൽ വാർത്തകൾ അയച്ചു തരിക. ദൈവജനത്തിന്റെ നന്മയ്ക്കു ഉതകുന്ന വാർത്തകളും വിവരങ്ങളും പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കയാൽ അത്തരം വാർത്തകൾ മാത്രം അയച്ചു തരിക. എല്ലാ മാസവും 15-നു മുമ്പ് ഞങ്ങൾക്കു ലഭിക്കും വിധം വാർത്തകൾ അയച്ചാലും. ലേഖനങ്ങൾ അയയ്ക്കുന്നവർ ഒന്നര പേജിൽ കവിയാതെ അയയ്ക്കുക.

Logos Bhavan, Maneed P.O.,
Ernakulam- 686726, Kerala

## ബ്രദറൺ സഭാ സവിശേഷതകൾ

പുതുയുഗ സഭകളടക്കം ക്രിസ്തീയ നാമത്തിൽ അറിയപ്പെടുന്ന സഭകളിൽ വെച്ച് ബ്രദറൺ സഭകൾക്ക് എന്താണ് പ്രത്യേകത? ചിലർ അവകാശപ്പെടുന്നതുപോലെ സ്ത്രീകൾ ആഭരണം അണിയാതിരിക്കുന്നതും പുരുഷന്മാർ ക്ലീൻഷേവ് ചെയ്യുന്നതും മാത്രമാണോ ഈ വേർപാട്? യുവമനസ്സുകളിൽ ഉയർന്നു വരുന്ന ഇത്തരം ചോദ്യങ്ങൾക്കു കാര്യകാരണ സഹിതം, വസ്തുനിഷ്ഠമായി മറുപടി നൽകുന്ന ഉത്തമഗ്രന്ഥം വേർപാട് നിസ്തുല്യതയും സവിശേഷതകളും. ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥം സൗജ്യമായി ലഭിക്കുന്നതിന് ഞങ്ങൾക്കെഴുതുക. ഇംഗ്ലീഷ് പതിപ്പ് Brethren Distinctives ലഭിക്കുന്നതിന് www.BrethrenAssemby.com

# കോട്ടയം കൺവൻഷൻ സമാപിച്ചു



**കോട്ടയം:** തിരുനക്കര മൈതാനത്തു വെച്ചു എല്ലാ വർഷവും നടക്കുന്ന ബ്രദറൺ കൺവൻഷൻ ഈ വർഷവും നവംബർ 28 മുതൽ ഡിസംബർ 4 വരെ നടന്നു. പ്രഭാത ധ്യാനം, ബൈബിൾ ക്ലാസ്സുകൾ, ഗാനശുശ്രൂഷ, സുവിശേഷയോഗങ്ങൾ എന്നിവയായിരുന്നു പ്രധാനപരിപാടികൾ. രക്ഷയുടെ ആവശ്യകത, രക്ഷയിൽ പിതാവിന്റെയും പുത്രന്റെയും പങ്ക്, രക്ഷയിൽ പരിശുദ്ധാത്മാവിന്റെ പങ്ക്, ന്യായപ്രമാണവും കൃപയും, രക്ഷയുടെ ഭദ്രത, രക്ഷയുടെ ത്രികാലവശങ്ങൾ തുടങ്ങിയ വിഷയങ്ങൾ ബൈബിൾ ക്ലാസ്സുകളിൽ വിശദമായി പ്രതിപാദിച്ചു. സഹോദരന്മാരായ ജോസ് മാത്യു (മംഗലാപുരം) എം.എം. സഖറിയ, ജോൺ കുര്യൻ, വർഗ്ഗീസ് കെ. കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് വിതയ്ക്കപ്പെട്ട വചനം ഫലകരമായിത്തീരുവാൻ, ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ ദൈവജനം തുടർന്നും പ്രാർത്ഥിക്കണമെ.


## ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ

- **ദൈവശ്വാസീയ തിരുവെഴുത്ത് ബൈബിൾ മാത്രം**
- **അന്യഭാഷ തിരുവചന വെളിച്ചത്തിൽ**
- **നീതീകരണം വിശ്വാസത്താൽ**
- **ജ്യോതിഷം തിരുവചന വെളിച്ചത്തിൽ**
- **ഉപദേശവും ദുരുപദേശങ്ങളും**
- **വേർപാട് : നിസ്തുല്യതയും സവിശേഷതകളും**

**ഉടൻ പ്രസിദ്ധീകരിക്കുന്നവ**

**അടിസ്ഥാന ഉപദേശ സംഗ്രഹം വാല്യം – 1**
**ബൈബിൾ വ്യാഖ്യാന തത്വങ്ങൾ**
**ദൈവകൃപയാൽ : സുവി. ഫിലിപ്പ് ഏബ്രഹാമിന്റെ ജീവചരിത്രം**

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

# യഥാർത്ഥ ക്രിസ്ത്യാനിത്വം

**ഒരു മതമല്ല, മാർഗ്ഗമാണ്**
**ജീവിതാനുഭവമാണ്, ജീവിതചര്യയാണ്**

**മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തു, തന്റെ പ്രതിപകര മരണത്താൽ ഒരുക്കിയ രക്ഷാമാർഗ്ഗത്തിൽ വിശ്വസിച്ച്, ആശ്രയിച്ച് , പാപവഴികളെ ഉപേക്ഷിച്ച് ജീവിക്കുന്ന അനുഗ്രഹീത ജീവിതചര്യയാണ് യഥാർത്ഥ ക്രിസ്ത്യാനിത്വം.**

**യേശുക്രിസ്തു നൽകുന്ന ആത്മരക്ഷ സൗജന്യമാണ്. യാതൊരു കർമ്മവും അതിന് ആവശ്യമില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് അവിടുത്തെ തന്റെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നവർക്കു രക്ഷ സൗജന്യമായി ലഭിക്കുന്നു എന്നതാണ് ബൈബിൾ നൽകുന്ന സന്ദേശം**

*For Private Circulation only*